2024 NOVEMBER
16
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# വായു മലിനീകരണം
## രൂക്ഷമായ ലോക നഗരങ്ങളിൽ ഡൽഹി രണ്ടാമത്

**ന്യൂഡൽഹി:** രാജ്യ തലസ്ഥാനത്ത് തുടരെ മൂന്നാം ദിവസവും വായു മലിനീകരണം ഗുരുതരമായി തുടരുന്നു. 481 ആണ് വെള്ളിയാഴ്ച രേഖപ്പെടുത്തിയ എയർ ക്വാളിറ്റി ഇൻഡക്സ് (അഥക). ഇപ്പോൾ ലോകത്തു തന്നെ വായു മലിനീകരണം ഏറ്റവും കൂടിയ രണ്ടാമത്തെ നഗരമാണ് ന്യൂഡൽഹി. അഥക 770ലെത്തിയ പാക്കിസ്ഥാനിലെ ലാഹോറാണ് ഒന്നാമത്.



ഡൽഹിയിൽ തന്നെ ജഹാംഗിർപുരിയിലാണ് മലിനീകരണം ഏറ്റവും ഉയർന്ന് നിൽക്കുന്നത്. ബാവന, വാസിപുർ, രോഹിണി, പഞ്ചാബി ബാഗ്, പാലം, സഫ്ദർജങ് മേഖലകൾ തുടർന്നുള്ള സ്ഥാനങ്ങളിൽ.

പുകമഞ്ഞ് കാരണം കാഴ്ചാപരിധി കുറഞ്ഞത് വ്യോമ, റെയ്ൽ ഗതാഗതങ്ങളെ ബാധിച്ചിട്ടുണ്ട്. ഉത്തരേന്ത്യയിലെ പല ഭാഗങ്ങളിലും വിമാന സർവീസുകൾ വൈകുന്നു. ഇൻഡിഗോ, സ്പൈസ് ജെറ്റ് സർവീസുകളാണ് കൂടുതലായി വൈകുന്നത്. പല ട്രെയ്നുകളും രണ്ടു മണിക്കൂറിലധികം വൈകിയാണ് ഓടുന്നത്. ന്യൂഡൽഹി റെയ്ൽവേ സ്റ്റേഷനിൽ എത്തേണ്ട 25 ട്രെയ്നുകൾ വൈകിയോടുന്നു.

ഗുരുതരാവസ്ഥ കണക്കിലെടുത്ത് ഡൽഹിയിലെ എല്ലാ പ്രൈമറി സ്കൂളുകളിലെയും ക്ലാസുകൾ ഓൺലൈൻ ആക്കിയിരിക്കുകയാണ്. മറിച്ചൊരു നിർദേശമുണ്ടാകുന്നതു വരെ ക്ലാസുകൾ ഓൺലൈനായി തുടരുമെന്ന് മുഖ്യമന്ത്രി അതിഷി അറിയിച്ചു.

വായു മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി, അത്യാവശ്യമല്ലാത്ത നിർമാണ, പൊളിക്കൽ പ്രവർത്തനങ്ങൾ ഡൽഹിയിൽ നിരോധിച്ചിരിക്കുകയാണ്. പെട്രോൾ ഡീസൽ വാഹനങ്ങൾക്കും ഡീസൽ ജനറേറ്ററുകൾക്കും നിയന്ത്രണമുണ്ട്. റോഡുകൾ വൃത്തിയാക്കിയും വെള്ളം തളിച്ചും പൊടിപടലം കുറയ്ക്കാൻ ഊർജിത ശ്രമം തുടരുന്നു. സ്വകാര്യ വാഹനങ്ങൾ കുറച്ച് പൊതുഗതാഗത സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതു പ്രോത്സാഹിപ്പിക്കാൻ തിരക്ക് കുറഞ്ഞ സമയങ്ങളിൽ ടിക്കറ്റ് നിരക്കുകളിൽ കുറവ് വരുത്തിയിട്ടുണ്ട്.

# ഇന്ത്യക്ക് പരമ്പര
## സെഞ്ചുറിയടിച്ച് സഞ്ജുവും തിലക് വർമയും; ഇന്ത്യ 283/1, വിജയം 135 റൺസിന്

**ജോഹന്നാസ്ബർഗ്:** സൗത്ത് ആഫ്രിക്കയ്ക്ക് എതിരായ നാലാം ടി20 മത്സരത്തിൽ സെഞ്ചുറി നേടി സഞ്ജു സാംസണും തിലക് വർമയും. ടോസ് നേടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ 20 ഓവറിൽ ഒരു വിക്കറ്റ് മാത്രം നഷ്ടത്തിൽ 283 റൺസ് അടിച്ചെടുത്തു. ദക്ഷിണാഫ്രിക്കയുടെ മറുപടി 18.2 ഓവറിൽ 148 റൺസിന് അവസാനിച്ചതോടെ ഇന്ത്യക്ക് 135 റൺസിൻറെ കൂറ്റൻ വിജയം. ഇതോടെ നാലു മത്സര പരമ്പര ഇന്ത്യ 31ന് സ്വന്തമാക്കുകയും ചെയ്തു.

ഓപ്പണർ സഞ്ജു സാംസൺ 56 പന്തിൽ 9 സിക്സും 4 ബൗണ്ടറിയുമടക്കം 109 റൺസെടുത്ത് പുറത്താകാതെ നിന്നു. മൂന്നാം നമ്പറിലെത്തിയ തിലക് വർമ 47 പന്തിൽ 10 സിക്സറുകളും 4 ബൗണ്ടറികളുമടക്കം 120 റൺസ് നേടി.

ഇതോടെ അന്താരാഷ്ട്ര ടി20 മത്സരത്തിൽ തുടർച്ചയായി രണ്ടു സെഞ്ചുറികൾ സ്വന്തമാക്കുന്ന രണ്ടാമത്തെ ഇന്ത്യൻ താരമായി തിലക് വർമ. ആദ!്യമായി ഈ നേട്ടം സ്വന്തമാക്കിയ ഇന്ത!്യൻ താരം സഞ്ജു സാംസണാണ്. ഓപ്പണിങ് ബാറ്റർ അഭിഷേക് ശർമ 18 പന്തിൽ 2 ബൗണ്ടറിയും 4 സിക്സുമടക്കം 36 റൺസെടുത്ത് മികച്ച തുടക്കം നൽകിയെങ്കിലും നിലയുറപ്പിക്കാനായില്ല.

സഞ്ജുവും തിലകും ചേർന്ന് ഉയർത്തിയ 210 റൺസ് ടി20 അന്താരാഷ്ട്ര ക്രിക്കറ്റിൻറെ ചരിത്രത്തിലെ തന്നെ ഏറ്റവും ഉയർന്ന കൂട്ടുകെട്ടാണ്. ഒറ്റ ഇന്നിങ്സിൽ രണ്ടു ബാറ്റർമാർ സെഞ്ചുറി നേടുന്നതും ഐസിസി ഫുൾ മെംബർ രാജ്യങ്ങളുടെ മത്സരത്തിൽ ഇതാദ്യം.എന്നാൽ, മറുപടി ബാറ്റിങ്ങിനിറങ്ങിയ ദക്ഷിണാഫ്രിക്കയെ കാത്തിരുന്നത് അർഷ്ദീപ് സിങ്ങിൻറെയും ഹാർദിക് പാണ്ഡ്യയുടെയും മാരകമായ സ്വിങ് ബൗളിങ്ങായിരുന്നു. ആറോവർ പവർ പ്ലേ പിന്നിടുമ്പോൾ അവർക്കു നേടാനായത് 30 റൺസ് മാത്രം. ടീം സ്കോർ 10 റൺസിൽ എത്തിയപ്പോൾ തന്നെ അവർക്കു നാലു വിക്കറ്റും നഷ്ടമായിരുന്നു.

ഒടുവിൽ 18.2 ഓവറിൽ 148 റൺസിന് ഓൾഔട്ടാകുകയും ചെയ്തു. ട്രിസ്റ്റൻ സ്റ്റബ്സ് (43), ഡേവിഡ് മില്ലർ (36), മാർക്കോ യാൻസൻ (29 നോട്ടൗട്ട്), ജെറാൾഡ് കോറ്റ്സി (12) എന്നിവർ മാത്രമാണ് രണ്ടക്ക സ്കോർ കണ്ടെത്തിയത്.

ഇന്ത്യക്കു വേണ്ടി അർഷ്ദീപ് സിങ് 20 റൺസ് വഴങ്ങി മൂന്ന് വിക്കറ്റ് വീഴ്ത്തി. വരുൺ ചക്രവർത്തിക്കും അക്ഷർ പട്ടേലിനും രണ്ട് വിക്കറ്റ് വീതം. ഹാർദിക് പാണ്ഡ്യയും രമൺദീപ് സിങ്ങും രവി ബിഷ്ണോയിയും ഓരോ വിക്കറ്റ് നേടി.

# കുതിച്ചു കയറി സവാള വില

**കൊച്ചി:** സംസ്ഥാനത്ത് സവാള വില കുതിച്ചു കയറുന്നു. മൊത്തവിപണിയിൽ 72 മുതൽ 78 രൂപ വരെയാണ് സവാളയ്ക്ക വില. കൊച്ചിയിൽ ചില്ലറ വിപണിയിൽ കിലോഗ്രാമിന് 88 രൂപയാണ് വില. ഒരാഴ്ചയ്ക്കിടെ വൻ വില വർധനവാണ് ഉണ്ടായിരിക്കുന്നത്. മഹാരാഷ്ട്രയിലെ പുനെയിൽ നിന്നാണ് കേരളത്തിലേക്ക് വ്യാപകമായി സവാള എത്തുന്നത്. ദീപാവലി ആഘോഷത്തിൻറെ ഭാഗമായി തുടർച്ചയായി 10 ദിവസം മഹാരാഷ്ട്രയിലെ മാർക്കറ്റ് അവധിയായിരുന്നതിനാലാണ് സവാള വില ഉയർന്നത്.



മഹാരാഷ്ട്രയിലെ മാർക്കറ്റ് സജീവമാകുന്നതോടെ പതിയെ സവാള വില താഴുമെന്നാണ് പ്രതീക്ഷ. സവാളയുടെ മൊത്ത വ്യാപാര കേന്ദ്രമായ മഹാരാഷ്ട്രയിലെ നാസിക്കിലും സവാള വിലയിൽ വർധനവുണ്ട്. ക്വിൻറലിന് റെക്കോഡ് നിരക്കായ 5400 രൂപയാക്കാണ് സവാള ലേലത്തിനു പോകുന്നത്.





വയനാട് പുനരധിവാസ പദ്ധതികൾക്ക് പിന്തുണ നൽകുന്നതിനായി കൊച്ചിൻ പബ്ലിക്ക് സ്കൂളിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കാർണിവൽ സ്കൂൾ മാനേജിംഗ് ട്രസ്റ്റി പ്രൊഫ. കെ.എം സുബൈദ ഉദ്ഘാടനം ചെയ്യുന്നു.

## വയനാട് പുനരധിവാസം: കൈത്താങ്ങുമായി വിദ്യാർഥികൾ

**കൊച്ചി:** വയനാട് പുനരധിവാസ പദ്ധതികൾക്ക് പിന്തുണ നൽകുന്നതിനായി കൊച്ചിൻ പബ്ലിക്ക് സ്കൂളിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ കാർണിവൽ സംഘടിപ്പിച്ചു. സ്കൂൾ മാനേജിംഗ് ട്രസ്റ്റി പ്രൊഫ. കെ.എം സുബൈദ കാർണിവൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ജബീന ഇബ്രാഹിം അധ്യക്ഷത വഹിച്ചു. മാനേജിംഗ് ട്രസ്റ്റി ഡോ. സബാന ബക്കർ, പി.ടി.എ പ്രസിഡന്റ് ഷഫീഖ് മാലിക്, അക്കാദമിക് ഡയറക്ടർ ഫമിദ ഫിയാസ് തുടങ്ങിയവർ സംസാരിച്ചു. പരമ്പരാഗത പാചകരീതികൾ, പലഹാരങ്ങൾ, പുഡ്ഡിംഗുകൾ, ഐസ്ക്രീം, ആർട്ട് ആൻഡ് ക്രാഫ്റ്റ്, സ്റ്റേഷനറികൾ ഉൾപ്പെടെയ 30ലധികം സ്റ്റാളുകളാണ് കാർണിവലിന്റെ ഭാഗമായി ഒരുക്കിയത്.

## സൈബർ സുരക്ഷാ ബോധവൽക്കരണ ക്ലാസ്

**കൊച്ചി:** സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ എറണാകുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അങ്കമാലി സി.എസ്.എ ഹാളിൽ നടന്നുവരുന്ന കേന്ദ്രഗവൺമെൻറ് പദ്ധതികളെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയിൽ 'ഡിജിറ്റൽ ഇന്ത്യയും സൈബർ സുരക്ഷയും' എന്ന വിഷയത്തിൽ പ്രത്യേക ബോധവൽക്കരണ ക്ലാസ് നടന്നു. ആലുവ സൈബർ പോലീസ് സ്റ്റേഷൻ സിഐ വിപിൻദാസ് ക്ലാസ് നയിച്ചു.തുടർന്ന് ഭാരതീയ ന്യായ സംഹിതയെക്കുറിച്ച് അഡ്വക്കേറ്റ് സുരേന്ദ്രൻ കക്കാട് ക്ലാസ് നയിച്ചു. മജീഷ്യൻ ആർ.സി ബോസിന്റെ മാജിക് ഷോയും അരങ്ങേറി.നാഷണൽ ആയുഷ് മിഷന്റെ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും തപാൽ വകുപ്പിന്റെ ആധാർ സേവനങ്ങൾക്കായുള്ള ക്യാമ്പും ഇതോടനുബന്ധിച്ച് നടന്നു. മെഡിക്കൽ ക്യാമ്പും ആധാർ സേവനങ്ങളും ഇന്നും തുടരും.

## കെ.എച്ച്.ആർ.എ വാർഷിക പൊതുയോഗവും വേസ്റ്റ് ബിൻ വിതരണവും

**കൊച്ചി:** കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ സിറ്റി സൗത്ത് യൂണിറ്റിന്റെ വാർഷിക പൊതുയോഗവും, മാലിന്യമുക്ത നവകേരളം ക്യാമ്പയിന്റെ ഭാഗമായി യൂണിറ്റിന്റെ പരിധിയിലുള്ള ഹോട്ടലുകളിലെ ജൈവ, അജൈവ മാലിന്യം തരംതിരിച്ച് നിക്ഷേപിക്കുവാനുള്ള ബിന്നുകളുടെ വിതരണവും ഇന്ന് എം.ജി. റോഡിലുള്ള കെ.എച്ച്.ആർ.എ. ഭവനിൽ നടക്കും. വാർഷിക പൊതുയോഗം ജില്ലാ പ്രസിഡന്റ് ടി. ജെ. മനോഹരനും, ബിന്നുകളുടെ വിതരണം കൊച്ചി കോർപ്പറേഷൻ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ടി. കെ. അഷറഫും ഉദ്ഘാടനം ചെയ്യും. ജില്ലാ സെക്രട്ടറി കെ. ടി. റഹിം, സംസ്ഥാന വൈസ് പ്രസിഡന്റ് അസീസ് മൂസ, ജില്ലാ വൈസ് പ്രസിഡന്റ് ബൈജു പി ഡേവിസ് എന്നിവർ ചടങ്ങിൽ സംബന്ധിക്കുമെന്ന് യൂണിറ്റ് പ്രസിഡന്റ് യൂനുസ് അലിയും സെക്രട്ടറി സാന്റോ പാനികുളവും അറിയിച്ചു.

## പ്രസാധകരിൽ നിന്നും പുസ്തകങ്ങൾ ക്ഷണിക്കുന്നു

**കൊച്ചി:**അന്താരാഷ്ട്ര പുസ്തകോത്സവ സമിതിയുടെ ആഭിമുഖ്യത്തിൽ മികച്ച പുസ്തക പ്രസാധനത്തിനുള്ള പുരസ്കാരം. അച്ചടിച്ച കൃതികളുടെ രണ്ടു കോപ്പി നവംബർ 22നു മുമ്പായി എത്തിക്കുക. മികച്ച പുസ്തക നിർമ്മിതിക്കാണ് പുരസ്കാരം. 2020 നു ശേഷം പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ അയക്കാവുന്നതാണ്.അന്താരാഷ്ട്ര പുസ്തകോത്സവ സമിതി, കലൂർ ടവേഴ്സ്, കലൂർ, കൊച്ചി 68 20 17.

# വഖഫ്: പാർലമെന്റ് ശീതകാല സമ്മേളനത്തിൽ അടിയന്തര തീരുമാനം വേണം : വിഎച്ച്പി

**കൊച്ചി:** വഖഫ് അവകാശവാദമുന്നയിക്കുന്ന മുനമ്പം ഭൂമി അടക്കമുള്ള വിഷയങ്ങളിൽ കേന്ദ്രസർക്കാർ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി വി. ആർ രാജശേഖരൻ എന്നിവർ വാർത്താക്കുറിപ്പിൽ ആവശ്യപ്പെട്ടു. മുനമ്പത്തെ ജനങ്ങൾ മാനസികമായി തളർന്നിരിക്കുകയാണ്. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ തന്നെ ജനങ്ങൾക്ക് ആത്മവിശ്വാസം ഉണ്ടാകുന്ന നടപടി കേന്ദ്രസർക്കാരിൽ നിന്നും ഉണ്ടാകണം.കേരളത്തിൽ 38,000 ഏക്കർ സ്ഥലം വഖഫിന്റെയാണെന്നാണ് ഇപ്പോൾ പുതിയ അവകാശവാദം. കാശിവിശ്വനാഥ ക്ഷേത്രം പോലെ കേരളത്തിലെ പ്രധാനപ്പെട്ട ക്ഷേത്രമാണ് തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രം. ആ ക്ഷേത്രം ഉൾപ്പെടെ തളിപ്പറമ്പ് നഗരം മുഴുവൻ വഖഫിന്റെയാണെന്നാണ് പുതിയ അവകാശ വാദം. ഇങ്ങനെയെങ്കിൽ നാളെ തിരുവനന്തപുരം ശ്രീ പത്നനാഭ സ്വാമി ക്ഷേതം ഉൾപ്പെടെ വഖഫിന്റെയാണെന്ന് അവകാശപ്പെടില്ലെന്ന് എങ്ങനെയറിയാമെന്നും വിഎച്ച്പി നേതാക്കൾ ചോദിച്ചു. മുനമ്പം സ്ഥലം ടിപ്പു സുൽത്താനെ തുരത്തിയതിന് പ്രത്യുപകാരമായി തിരുവിതാംകൂർ രാജാവിന് കൊച്ചി രാജാവ് ദാനമായി നൽകിയതാണെന്നാണ് ചരിത്രം വ്യക്തമാക്കുന്നത്. പിന്നീട് 1902 ൽ അന്ന് ഭരിച്ചിരുന്ന ശ്രീ മൂലം തിരുന്നാൾ മഹാരാജാവ് കൃഷിയ്ക്കായി 99 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകി. പാട്ടക്കാലാവധി കഴിഞ്ഞാൽ ആരാണോ ഉടമസ്ഥൻ അവർക്ക് തിരിച്ചു നൽകണം. അല്ലാതെ സ്ഥലം മറിച്ചു വിൽക്കാനൊ മറ്റൊരാൾക്ക് നൽകാനോ ഒരുവിധത്തിലുമുള്ള ക്രയവിക്രയം ചെയ്യാനോ പാട്ടം എടുത്തവർക്ക് അധികാരമില്ല. ഇപ്പോൾ രാജഭരണമല്ലാത്തതിനാൽ സർക്കാരാണ് സ്ഥലത്തിന്റെ ഉടമയെന്നും വിഎച്ച്പി നേതാക്കൾ വ്യക്തമാക്കി. കേരളത്തിലെ ഭൂമി മുഴുവൻ ദേവസ്വങ്ങളുടെയാണ്. ഈ ഭൂമിമുഴുവൻ തിരികെ വേണമെന്ന് ദേവസ്വങ്ങൾ ആവശ്യപ്പെട്ടാൽ വഖഫ് അവകാശവാദമുന്നയിക്കുന്നതിനേക്കാൾ വലിയ വിഷയമായി മാറുമെന്നും വിഎച്ച്പി നേതാക്കൾ വ്യക്തമാക്കി. ക്ഷേത്രങ്ങൾ വിശ്വാസികളുടെ കൈയ്യിൽ ഏൽപ്പിക്കണമെന്നാണ് വിശ്വഹിന്ദു പരിഷത്തിന്റെ നിലപാട്.ഇതിനുള്ള പോരാട്ടത്തിന്റെ ഭാഗമായി സുപ്രിം കോടതിയിൽ കേസ് നടക്കുന്നുണ്ട്. മുഴുവൻ ഹൈന്ദവ സംഘടനകളും ഈ പോരാട്ടത്തിനൊപ്പം നിൽക്കണമെന്നും വിഎച്ച്പി നേതാക്കൾ ആവശ്യപ്പെട്ടു.



# ഡാമിൽ വിമാനമിറങ്ങുന്നത് ആനകളുടെ സഞ്ചാരത്തിന് തടസ്സം; കത്തുമായി വനം വകുപ്പ്, സീപ്ലെയിൻ ആശങ്കയിൽ

**മൂന്നാർ:** മാട്ടുപ്പട്ടിയിൽ സീപ്ലെയിൻ ഇറക്കുന്നതിനെതിരേ ഇടുക്കി ജില്ല കളക്ടർക്ക് കത്ത് നൽകി വനംവകുപ്പ്. മൂന്നാർ ഡി.എഫ്.ഒ. ഇൻ ചാർജ് ജോബ് ജെ.നേര്യംപറമ്പിലാണ് ഇതുസംബന്ധിച്ച് കളക്ടർക്ക് കത്ത് നൽകിയത്. പ്രദേശം കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ വിഹാരകേന്ദ്രമാണെന്നും പദ്ധതി മനുഷ്യവന്യമൃഗ സംഘർഷം വർധിപ്പിക്കുമെന്നുമാണ് കത്തിൽ പറയുന്നത്. നേരത്തെ പ്രദേശത്ത് നടന്ന സംയുക്ത പരിശോധനയിലും വനം വകുപ്പ് ആശങ്ക അറിയിച്ചിരുന്നു.

സീ പ്ലെയിൻ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മാട്ടുപ്പട്ടി ജലാശയം വനമേഖലയ്ക്ക് സമീപത്താണ്. ആനമുടി ഷോല ദേശീയോദ്യാനത്തിൽനിന്ന് 3.5 കിലോമീറ്റർ ആകാശദൂരം മാത്രമാണുള്ളത്. പാമ്പാടുംഷോല ദേശീയോദ്യാനം, കുറിഞ്ഞിമല ഉദ്യാനം തുടങ്ങിയ പരിസ്ഥിതിദുർബല മേഖലകളും ജലാശയത്തിൽനിന്ന് അധികം അകലെയല്ല. കാട്ടാനകളുടെ ആവാസകേന്ദ്രമായ കണ്ണൻ ദേവൻ ഹിൽസ് റിസർവ് ജലാശയത്തിന് സമീപത്താണ്. വൃഷ്ടിപ്രദേശത്ത് സദാസമയവും കാട്ടാനകളുടെ സാന്നിധ്യമുണ്ട്. ആനകൾ ജലാശയം മുറിച്ചു കടന്ന് ദേശീയോദ്യാനങ്ങളിലേക്ക് സഞ്ചരിക്കുന്നതും പതിവാണ്.

ജലാശയത്തിൽ വിമാനമിറങ്ങുന്നത് ആനകളുടെ സഞ്ചാരത്തിന് തടസ്സമാകും. മറ്റ് വന്യജീവികളുടെ സ്വൈരവിഹാരത്തിനും ഇത് തടസ്സം സൃഷ്ടിക്കും. മനുഷ്യവന്യജീവി സംഘർഷസാധ്യത കൂട്ടും. ഇത്തരം സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് ദേശീയ വന്യജീവി ബോർഡിന്റെ അംഗീകാരത്തോടെയുള്ള ലഘൂകരണ പദ്ധതി പ്രദേശത്ത് നിർബന്ധമായും നടപ്പാക്കണമെന്നും കത്തിൽ പറയുന്നു.

നേരത്തെ പദ്ധതിയേക്കുറിച്ച് ആശങ്കയറിയിച്ച വനംവകുപ്പ് ഇപ്പോൾ എതിർപ്പുമായി രംഗത്തെത്തിയതോടെ, ഏറെ പ്രതീക്ഷ നൽകിയ പദ്ധതി തുലാസിലായി. മൂന്നാർ മേഖലയിലെ ഭൂരിഭാഗം പ്രദേശങ്ങളിലും കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ സാന്നിധ്യം പതിവാണ്. മാട്ടുപ്പട്ടി കന്നുകാലി വളർത്തൽ കേന്ദ്രത്തിന് സമീപത്തുള്ള പുൽമേട്ടിൽ രാപകൽ വ്യത്യാസമില്ലാതെ കാട്ടാന ഇറങ്ങുന്നുണ്ട്.

# അഖില കേരള ഭവൻസ് ഫെസ്റ്റിന് തുടക്കം

**തൃപ്പൂണിത്തുറ:** ഇരുപത്തിയാറാമത് അഖില കേരള ഭവൻസ് ഫെസ്റ്റിന് തൃപ്പൂണിത്തുറ ഭവൻസ് മുൻഷി വിദ്യാശ്രമത്തിൽ 16ന് ശനിയാഴ്ച തിരിതെളിയും. കാറ്റഗറി ഒന്ന്, നാല് വിഭാഗങ്ങളിൽ നടക്കുന്ന മത്സരയിനങ്ങളിൽ മുപ്പത് വിദ്യാലയങ്ങളിൽ നിന്നും ആയിരത്തോളം കുട്ടികൾ പങ്കെടുക്കും.കഥകളി ആചാര്യൻ പദ്മശ്രീ സദനം ബാലകൃഷ്ണൻ രാവിലെ 8:30ന് ഉദ്ഘാടനം നിർവ്വഹിക്കും. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ചെയർമാൻ വേണുഗോപാൽ സി ഗോവിന്ദ് അധ്യക്ഷത വഹിക്കും.

# ആർത്തവ ശുചിത്വ ബോധവൽക്കരണം സംഘടിപ്പിച്ചു

**കൊച്ചി:** സ്പൈസസ് ബോർഡ് വനിതാ ജീവനക്കാർക്കായി ആർത്തവ ശുചിത്വ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. ജീവനക്കാരിൽ ആർത്തവ ശുചിത്വത്തെക്കുറിച്ചുള്ള അവബോധം നൽകുന്നതിന് പൊതുമേഖല സ്ഥാപനമായ എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡുമായി സഹകരിച്ചാണ് സെമിനാർ നടത്തിയത്. ആദ്യഘട്ടത്തിൽ നൂറോളം വനിത ജീവനക്കാർക്കാണ് ക്ലാസ് നൽകിയത്. രാജ്യത്തിന്റെ വിവിധ ഭാഗത്തു നിന്നുള്ള സ്പൈസസ് ബോർഡ് ജീവനക്കാർ ഓൺലൈൻ ആയി പങ്കെടുത്തു. ജീവനക്കാരിൽ ആർത്തവ ശുചിത്വബോധം വർധിപ്പിക്കുകയും സുസ്ഥിരമായ ജീവിതശൈലികൾ പ്രോത്സാഹിപ്പിക്കുകയുമാണ് സെമിനാറിലൂടെ ലക്ഷ്യമിടുന്നതെന്ന് സ്പൈസസ് ബോർഡ് ഡയറക്ടർ (റിസർച്) ഡോ. എ. ബി. രമശ്രീ പറഞ്ഞു. പുനരുപയോഗയോഗ്യമായ ആർത്തവ കപ്പുകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ ഉണ്ടാകുന്ന പാരിസ്ഥിതിക നേട്ടങ്ങൾ, വ്യക്തിഗത ആരോഗ്യ നേട്ടങ്ങൾ എന്നിവയെക്കുറിച്ചും ക്ലാസുകൾ നൽകി. ഡോ. ശാരിക വിനോദ്, ഡോ. കൃഷ്ണ, ഡോ. ആരതി, ഡോ. ഭവ്യ എന്നിവർ ക്ലാസിന് നേതൃത്വം നൽകി.

# വർണോത്സവം അഖില കേരള ചിത്രരചനാ മത്സരം

**കൊച്ചി:** അന്താരാഷ്ട്ര പുസ്തകോത്സവ സമിതിയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി അഖിലകേരള ചിത്രരചനാ മത്സരം നടത്തുന്നു. നവംബർ 24ന് രാവിലെ 10 മണിക്ക് എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ വച്ചാണ് മത്സരം. എൽകെജി മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികളെ അഞ്ചായി തരം തിരിച്ചാണ് മത്സരം. മത്സര വിജയികൾക്ക് അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്യും. സ്കൂളുകൾ വഴിയോ നേരിട്ടോ പേരുകൾ രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ അവസാന തീയതി നവംബർ 22.ജനറൽ കൺവീനർ, അന്താരാഷ്ട്ര പുസ്തകോത്സവ സമിതി ഇമെയിൽ: bookfest2024@gmail.com



# ലോക ബോഡിബിൽഡിങ് ചാമ്പ്യൻഷിപ്പ്: പുരുഷ വിഭാഗത്തിൽ ഇന്ത്യയ്ക്കു കിരീടം

**കൊച്ചി:** മാലദ്വീപിൽ നടന്ന 15ാമത് ലോക ബോഡിബിൽഡിങ് ആന്റ് ഫിസിക്ക് സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ ടീം ഇന്ത്യ ചാമ്പ്യൻമാരായി. തമിഴ്നാട്ടിൽ നിന്നുള്ള ശരവൺ മണി മിസ്റ്റർ യൂനിവേഴ്സ് 2024 പട്ടം കരസ്ഥമാക്കി. 60 വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ മാസ്റ്റേഴ്സ് വിഭാഗത്തിൽ കേരളത്തിൽ നിന്നുള്ള സുരേഷ് കുമാർ, പീറ്റർ ജോസഫ് എന്നീ താരങ്ങൾ യഥാക്രമം സ്വർണവും വെള്ളിയും നേടി. വനിതാ വിഭാഗത്തിൽ വിയറ്റ്നാം ആണ് ചാമ്പ്യൻമാർ. ഇന്ത്യൻ ടീം മാനേജർ ലെസ്ലി ജോൺ പീറ്റർ ഇന്ത്യയ്ക്കു വേണ്ടി ടീം ചാമ്പ്യൻഷിപ്പ് കിരീടം ഏറ്റുവാങ്ങി.

ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത ഇന്ത്യൻ ടീമിൽ 38 പുരുഷ അത്‌ലീറ്റുകളും ഒമ്പത് വനിതാ അത്‌ലീറ്റുകളുമാണ് ഉൾപ്പെട്ടിരുന്നത്. താരങ്ങളും ഒഫീഷ്യലുകളുമുൾപ്പെടെ നാലു മലയാളികളും ടീമിലുണ്ടായിരുന്നു. എട്ട് സ്വർണം, ആറ് വെള്ളി, ഒമ്പത് വെങ്കലം എന്നിങ്ങനെ ഇന്ത്യൻ ടീം ആകെ 23 മെഡലുകൾ സ്വന്തമാക്കി. ബോഡി ബിൽഡിങ്, ഫിസിക്ക് സ്പോർട്സ് എന്നീ വിഭാഗങ്ങളിലായി 51 ഇനം മത്സരങ്ങളാണ് ചാമ്പ്യൻഷിപ്പിലുണ്ടായിരുന്നത്. നവംബർ അഞ്ച് മുതൽ 11 വരെ മാലദ്വീപിലെ കാനറീഫ് ദ്വീപിലെ അദ്ദു സിറ്റിയിലാണ് ലോക ചാമ്പ്യൻഷിപ്പ് അരങ്ങേറിയത്.



# എന്റെ സമരങ്ങൾ എല്ലാവർക്കും വേണ്ടിയായിരുന്നു: സി.കെ. ജാനു

**കൊച്ചി:** ഞാൻ നടത്തിയ സമരങ്ങൾ ആദിവാസികൾക്ക് വേണ്ടിമാത്രമായിരുന്നില്ല; എല്ലാവർക്കും വേണ്ടിയായിരുന്നുവെന്ന് സി.കെ. ജാനു പറഞ്ഞു. ശ്രീ ശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല ഏർപ്പെടുത്തിയ പ്രദീപൻ പാമ്പിരിക്കുന്ന് സ്മാരക മാതൃഭാഷാ പുരസ്കാരം വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരിയിൽ നിന്ന് സ്വീകരിച്ച് സംസാരിക്കുകയായിരുന്നു സി.കെ. ജാനു. ആ സമരങ്ങളിലൂടെ സാമൂഹിക വളർച്ചയുണ്ടായി. എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനമുണ്ടായി. എന്റെ സമരങ്ങൾ അടയാളപ്പെടുത്തലുകളായിരുന്നു. മനുഷ്യരുടെ മനസ്സിന്റെ വേദന എനിക്കറിയാം. അമ്മയുടെ രോഗവും മരണവുമായി ബന്ധപ്പെട്ട് ഞാൻ കുറേ നാളുകളായി പൊതുപ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിൽക്കുകയായിരുന്നു. വീണ്ടും ഞാൻ സജീവമാകുമെന്നും സി.കെ. ജാനു പറഞ്ഞു. അന്യഭാഷയ്ക്ക് വേണ്ടി അഭയാർത്ഥിത്വം സ്വീകരിക്കുന്നവരാണ് മലയാളികൾ. മലയാള ഭാഷ കേരളത്തിന്റെ അസ്ഥിത്വവും വ്യക്തിത്വവുമാണ്. മലയാളഭാഷയെ നെഞ്ചോട് ചേർത്തിരിക്കുന്നവർ ഗോത്രവർഗക്കാരാണ്. കേരളത്തിൽ 36 വിഭാഗം ആദിവാസികളുണ്ട്. ഓരോ വിഭാഗത്തിനും അതത് ഗോത്രവർഗ്ഗ ഭാഷയുമുണ്ട്. എങ്കിലും എല്ലാവരും ഉപയോഗിക്കുന്നത് മലയാളഭാഷയാണ്. മലയാള ഭാഷയുടെ തനിമ നിലനിർത്തുന്നതിൽ ഗോത്രവർഗ്ഗങ്ങൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്; സി.കെ. ജാനു പറഞ്ഞു.

കാലടി മുഖ്യ ക്യാമ്പസിലെ ലാംഗ്വേജ് ബ്ലോക്കിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ പ്രൊഫ. കെ.ആർ സജിത അധ്യക്ഷത വഹിച്ചു. സംസ്ഥാന ഭരണഭാഷാ പുരസ്കാരം ലഭിച്ച അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ പി.ബി. സിന്ധുവിനെ ചടങ്ങിൽ ആദരിച്ചു. ഡോ. എം.സി. അബ്ദുൾ നാസർ പ്രദീപൻ പാമ്പിരിക്കുന്ന് സ്മാരക പ്രഭാഷണം നിർവ്വഹിച്ചു. രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ്, പ്രൊഫ. വി. ലിസി മാത്യു, സിൽവി കൊടക്കാട്, സുഖേഷ് കെ. ദിവാകർ, പ്രേമൻ തറവട്ടത്ത്, പി.ബി. സിന്ധു, കെ.ആർ. സന്തോഷ് കുമാർ എന്നിവർ പ്രസംഗിച്ചു. മാതൃഭാഷാ വാരാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ് സമ്മാനങ്ങൾ വിതരണം ചെയ്തു. തീർത്ഥ മോഹൻ കാവ്യാവിഷ്കാരം നടത്തി.

# ത്രസിപ്പിക്കുന്ന ദൃശ്യങ്ങളുമായി ത്രസം; വനലോകത്തേക്കൊരു വാതിൽ

**കൊച്ചി:** ബന്ദിപൂർ നാഷണൽ പാർക്കിൽ സഫാരിക്കു പോയപ്പോ കണ്ട ഒരു അത്യപൂർവ കാഴ്ച അപ്പോൾത്തന്നെ അരവിന്ദ് ക്യാമറയിൽ പകർത്തി. ചീവിടുകളുടെ കരച്ചിലും കിളികളുടെയും മൃഗങ്ങളുടെയും ശബ്ദവും മാത്രമുള്ള വനത്തിൽ ജീപ്പിന്റെ ഇരമ്പൽ കേട്ടു പേടിച്ചു തന്റെ അമ്മയെ തിരഞ്ഞുനിൽക്കുന്ന ഒരു ആനക്കുട്ടിയുടെ നിഷ്കളങ്ക ഭാവം. 'ക്യൂരിയസ്ലി ക്യൂട്ട് വേർ ഇസ് മൈ മദർ ?' എന്ന തലക്കെട്ടിൽ ഉള്ള ആ ഫോട്ടോ പിന്നീട് പ്രശസ്തമായി.

എറണാകുളം ദർബാർഹാൾ ഗാലറിയിൽ കേരള വനം വന്യജീവി വകുപ്പ് സോഷ്യൽ ഫോറസ്റ്ററി ഡിവിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ത്രസം സിംഫണി ഓഫ് വൈൽഡ് എന്ന വന്യജീവി ഫോട്ടോ പ്രദർശനത്തിൽ കാഴ്ചക്കാരെ വിസ്മയിപ്പിക്കുന്നവയിൽ ഒന്നാണു ചങ്ങനാശ്ശേരി എസ്ബി കോളേജിലെ കെമിസ്ട്രി അസിസ്റ്റന്റ് പ്രൊഫസർ കൂടിയായ വനംവന്യജീവി ഫോട്ടോഗ്രാഫർ കെ അരവിന്ദ് ബന്ദിപ്പൂർ വനത്തിൽ നിന്നു പകർത്തിയ ആനക്കുട്ടിയുടെ ചിത്രം.

ബന്ദിപൂർ കാട്ടിൽ ഒരു അമ്മ ആനയും കുട്ടിയും നടന്നുപോകുന്നു. നല്ല ഫ്രെയിം. ജീപ്പ് കണ്ടതോടെ അമ്മ ആനയ്ക്ക് കലി കയറി ഞങ്ങളെ ആക്രമിക്കാൻ വന്നപ്പോൾ ജീപ്പ് കുറച്ചു പിന്നിലേക്ക് എടുത്തു. അപ്പോൾ അമ്മ എവിടെയാണെന്നും ജീപ്പ് എവിടെയാണെന്നും മരത്തിന്റെ ഇടയിലൂടെ പേടിയോടെ നോക്കുന്ന കുട്ടിയാനയാണ് എന്റെ ശ്രദ്ധയിൽപെട്ടത്. ഉടൻ ആ നിമിഷം ക്ലിക്ക് ചെയ്തു അരവിന്ദ് പറഞ്ഞു. നവംബർ 13ന് ആരംഭിച്ച് 17 വരെ നടക്കുന്ന ചിത്രപ്രദർശനം ടി ജെ വിനോദ് എംഎൽഎയാണ് ഉദ്ഘാടനം ചെയ്തത്. അരവിന്ദിനെക്കൂടാതെ ഡിജീഷ് വലിയാട്ടിൽ, സിജി. സുനിൽ, കെ.വി സതീശൻ എന്നീ അറിയപ്പെടുന്ന വനം വന്യജീവി ഫോട്ടോഗ്രാഫർമാരാണ് ത്രസത്തിലെ ചിത്രങ്ങളുടെ സ്രഷ്ടാക്കൾ.



ഇത്തരത്തിൽ ആദ്യത്തെ പ്രദർശനമാണു ത്രസം. പുതിയ തലമുറയുടെ അറിവിനും പഠനത്തിനും വേണ്ടിയാണ് ഈ ചിത്രപ്രദർശനം ആവിഷ്കരിച്ചത്. കൂടാതെ വിനോദ സഞ്ചാരത്തെ പ്രോൽസാഹിപ്പിക്കുക എന്നതും. വനംവകുപ്പിന്റെ സഹായത്തോടെയാണു കാട്ടിനുള്ളിലെ യാത്രകൾ. കാടെന്നു പറയുന്നത് ഒരു ഭാഗ്യമാണ്, ചിലപ്പോൾ കുറെ സഞ്ചരിച്ചാൽ മാത്രമേ നല്ലൊരു സ്നാപ്പ് കിട്ടു. വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫിയിലെ അപകടം അതിന്റെ സാഹസികതയും കൗതുകവുമാണെന്ന് അരവിന്ദ് പറഞ്ഞു.വനലോകത്തേക്കുള്ള വിശാലമായ വാതിലാണ് ത്രസം. ആനക്കുട്ടിയുടെ ചിത്രം പോലെ ഓരോ ചിത്രത്തിനും പറയാനുണ്ട് കഥകൾ. കാടിന്റെ മനം മയക്കുന്ന മനോഹാരിതയും വന്യതയും കാട്ടിൽപോയതു പോലെ ഒരേസമയം ആസ്വദിക്കാം. ഓരോ ചിത്രവും ഒരു കാടിന്റെ ഹൃദയത്തിലേക്കു തുറക്കുന്ന ജാലകമാണ്. അത് കാടിനെ സ്നേഹിക്കാനും പഠിക്കാനും ബഹുമാനിക്കാനും കാഴ്ചക്കാർക്കു പ്രചോദനമേകുന്നു.



# ഖത്തറിനു വിനോദമേകാൻ ബേപ്പൂരിന്റെ ഉരു; ചെലവ് 3.2 കോടി രൂപ

**ബേപ്പൂർ:** ഉരു നിർമാണത്തിൽ ബേപ്പൂരിന്റെ പേരും പെരുമയും വാനോളം ഉയർത്തി വീണ്ടുമൊരു ഭീമൻ ഉല്ലാസ നൗക കൂടി കടൽ കടക്കുന്നു. ഖത്തറിലെ വ്യവസായി ഷെയ്ഖ് അഹമ്മദ് സാദയ്ക്കു വേണ്ടി ബേപ്പൂർ സായൂസ് വുഡ് വർക്സ് നിർമിച്ച ആഡംബര ഉരു നീറ്റിലിറക്കി തുടങ്ങി. ബിസി റോഡിൽ ചാലിയാർ തീരത്തെ യാർഡിൽ പണി പൂർത്തീകരിച്ച ഉരു ഖലാസി മൂപ്പൻ കൈതയിൽ അബ്ദുറഹിമാന്റെ(കോയ) നേതൃത്വത്തിൽ 20 തൊഴിലാളികൾ ചേർന്നാണ് നീറ്റിൽ ഇറക്കുന്നത്. ഉരുളൻ ബാലൂസിൽ കയറ്റിയ ഉരു ദവ്വർ ഉപയോഗിച്ചു പതുക്കെ വലിച്ചു നീക്കി നദീമുഖത്ത് എത്തിക്കലാണ് ആദ്യ ദൗത്യം.

വെള്ളം തൊടാൻ പാകമാക്കി വേലിയേറ്റ തക്കത്തിൽ 17നു പുലർച്ചെ പൂർണമായും വെള്ളത്തിൽ ഇറക്കാനാണ് ഉദ്ദേശ്യം. മുകൾ ഭാഗത്ത് 140 അടി നീളമുള്ളതാണ് ആഡംബര ഉരു. 33 അടി വീതിയും 12.5 അടി ഉയരവുമുണ്ട്. അമരം 7.5 അടിയാണ് താഴ്ച. ഖത്തറിൽ വിനോദ സഞ്ചാരത്തിന് ഉപയോഗിക്കാനുള്ളതാണ്. തുറമുഖ അധികൃതരുടെയും കസ്റ്റംസിന്റെയും ക്ലിയറൻസ് ലഭ്യമാക്കി ദുബായിലേക്കാണ് കൊണ്ടുപോകുന്നത്. അവിടെ വച്ച് അകത്തെ ആഡംബര പണികൾ പൂർത്തിയാക്കിയ ശേഷമാകും ഖത്തറിലേക്ക് കൊണ്ടുപോകുകയെന്നു സായൂസ് കമ്പനി ഉടമ പി.ശശിധരൻ പറഞ്ഞു.

തേക്ക്, കൊയ്ല, സാല്, വാക, കരിമരുത് തുടങ്ങിയ മരങ്ങൾ ഉപയോഗിച്ചു നിർമിച്ച നൗകയ്ക്ക് ഏതാണ്ട് 3.2 കോടി രൂപ ചെലവു വരും. തച്ചുശാസ്ത്ര വിദഗ്ധരായ ബേപ്പൂർ എടത്തൊടി സത്യൻ, പുഴക്കര ശ്രീധരൻ, സോമൻ കിടങ്ങത്ത് എന്നിവരുടെ നേതൃത്വത്തിൽ 20 തൊഴിലാളികൾ ചേർന്നാണ് പണി പൂർത്തീകരിച്ചത്. 5 വർഷം മുൻപ തുടങ്ങിയ നിർമാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കോവിഡ് പ്രതിസന്ധിയും പ്രളയവും തടസ്സമായിരുന്നു. തികച്ചും പരമ്പരാഗത മാർഗങ്ങളാണ് നിർമാണത്തിനു സ്വീകരിച്ചത്. ഖത്തറിലേക്കുള്ള മറ്റൊരു ഉരു കൂടി കമ്പനി നിർമിക്കുന്നുണ്ട്. 150 അടി നീളമുള്ള ഉരു അടുത്ത മാസം നീറ്റിൽ ഇറക്കാനാകുമെന്നാണ് പ്രതീക്ഷ.

# ദേശീയ നൃത്തോത്സവം ഭാവ് 2024 നവംബർ 29 മുതൽ ഡിസംബർ 03 വരെ

## നൃത്തോത്സവത്തിന്റെയും നൃത്ത ശിൽപശാലകളുടെയും എൻട്രികൾ സൗജന്യമായിരിക്കും

**കൊച്ചി :** കൊച്ചി നഗരസഭയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ദേശീയ നൃത്തോത്സവം രണ്ടാം എഡിഷൻ ഭാവ് 2024, ഈ നവംബർ 29 മുതൽ ഡിസംബർ 03 വരെ എറണാകുളം ടൗൺ ഹാളിൽ നടക്കുമെന്ന് മേയർ അഡ്വ. എം. അനിൽ കുമാർ പറഞ്ഞു.പരിപാടിയുടെ ഉദ്ഘാടനം നവംബർ 29 ന് വൈകിട്ട് 6:30 ന് മന്ത്രി ആർ. ബിന്ദു നിർവഹിക്കും.

നൃത്തോൽസവത്തിന് തിരശ്ശീല ഉയർത്തിക്കൊണ്ട് ഒന്നാം ദിനം മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി അവതരിപ്പിക്കുന്ന ഇശൽ സന്ധ്യ വൈകിട്ട് 5:00 മണി മുതൽ 6:30 വരെ നടക്കും. ദഫുമുട്ട്, ഒപ്പന, കോൽക്കളി, മാപ്പിളപ്പാട്ട്, ഇശൽ നൃത്തം, അറേബ്യൻ ഡാൻസ് എന്നിവയാണ് ഇശൽ സന്ധ്യയുടെ ഭാഗമായി അവതരിപ്പിക്കുന്നത്. തുടർന്ന് ആശാ ശരത് അവതരിപ്പിക്കുന്ന ഭരതനാട്യം വൈകിട്ട് 7:15 മുതൽ വൈകിട്ട് 8:45 വരെ നടക്കും. 30 ന് വൈകിട്ട് 5:45 മുതൽ വൈകിട്ട് 6:45 വരെ നർത്തകി പ്രതീക്ഷ കാശി അവതരിപ്പിക്കുന്ന കുച്ചിപ്പുടി, വൈകിട്ട് 7:15 മുതൽ രമാ വൈദ്യനാഥനും സംഘവും അവതരിപ്പിക്കുന്ന ഭരതനാട്യം എന്നിവ നടക്കും.ഡിസംബർ ഒന്നിന് വൈകിട്ട് 5:45 മുതൽ വൈകിട്ട് 6:45 വരെ നർത്തകി ഡോ മിനി പ്രമോദും സംഘവും അവതരിപ്പിക്കുന്ന മോഹിനിയാട്ടം, വൈകിട്ട് 7:15 മുതൽ വൈകിട്ട് 8:45 വരെ നർത്തകരായ ഷിജിത്തും പാർവതിയും സംഘവും അവതരിപ്പിക്കുന്ന ഭരതനാട്യം ഡിസംബർ രണ്ടിന് വൈകിട്ട് 5:45 മുതൽ വൈകിട്ട് 6:45 വരെ നർത്തകി കല്യാണി മേനോൻ ഹരികൃഷ്ണനും സംഘവും അവതരിപ്പിക്കുന്ന മോഹിനിയാട്ടം, വൈകിട്ട് 7:15 മുതൽ വൈകിട്ട് 8:45 വരെ നർത്തകൻ പ്രവീൺ കുമാറും സംഘവും അവതരിപ്പിക്കുന്ന ഭരതനാട്യം എന്നിവ നടക്കും.

ഡിസംബർ മൂന്നിന് വൈകിട്ട് 5:45 മുതൽ വൈകിട്ട് 6:45 വരെ നർത്തകി അമീന ഷാനവാസും സംഘവും അവതരിപ്പിക്കുന്ന മോഹിനിയാട്ടം, വൈകിട്ട് 6:45 മുതൽ വൈകിട്ട് 7:15 വരെ നഗരത്തിലെ മുതിർന്ന കലാകാരന്മാരെ ആദരിക്കുന്ന ചടങ്ങ്, തുടർന്ന് വൈകിട്ട് 7:15 മുതൽ വൈകിട്ട് 8:45 വരെ ബാംഗ്ലൂർ ആസ്ഥാനമാക്കിയുള്ള നൃത്യ ഗ്രാം ഡാൻസ് വില്ലേജ് അവതരിപ്പിക്കുന്ന ഒഡീസി നൃത്തം എന്നിവ നടക്കും. നൃത്ത ശിൽപശാലകളും ഡാൻസ് ഫെസ്റ്റിവലിന്റെ ഭാഗമായി നടക്കും. നൃത്തോത്സവത്തിന്റെയും നൃത്ത ശിൽപശാലകളുടെയും എൻട്രികൾ സൗജന്യമായിരിക്കും. ശിൽപശാലയിൽ പങ്കെടുക്കുന്നതിനായി പേര് രജിസ്റ്റർ ചെയ്യുന്നതിന് 8330068829 എന്ന നമ്പറിലേക്ക് വിളിക്കുകയോ വാട്സ്ആപ്പ് മെസ്സേജ് അയക്കുകയോ ചെയ്യേണ്ടതാണെന്നും മേയർ അറിയിച്ചു.



# മികവിന്റെ പാത തേടി മാഗ്കോം; സിഎസ്ആർ ഫണ്ടിനായി മാഗ്കോം കൊച്ചിൻ ഷിപ്പ് യാർഡ് കരാർ

**കൊച്ചി:** പഠന മികവിനായി പുതുവഴികൾ തേടുന്ന മഹാത്മാ ഗാന്ധി കോളജ് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ (മാഗ്കോം) കൊച്ചിൻ ഷിപ്പ് യാർഡുമായി കരാർ ഒപ്പുവച്ചു. ജെഎൻയു ഡെൽഹി, എൻഐടി കാലിക്കറ്റ്, മഖൻലാൽ ചതുർവേദി സർവകലാശാല ഭോപ്പാൽ എന്നീ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളുമായി അക്കാദമിക സഹകരണമുള്ള 'മാഗ്കോം' മാധ്യമപഠനരംഗത്തെ മികച്ച സ്ഥാപനമായി ഉയരാനുള്ള ശ്രമത്തിലാണു പുതിയ പദ്ധതിക്കു തുടക്കമിട്ടത്. അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ഷിപ്പ് യാർഡുമായുള്ള സഹകരണം.

മാധ്യമപഠനരംഗത്തെ നൂതന സജ്ജീകരണങ്ങളോടുകൂടിയാണ് കോഴിക്കോടിന്റെ നഗരഹൃദയത്തിൽ 'മാഗ്കോം' പ്രവർത്തിച്ചുവരുന്നത്. സ്മാർട്ട് ക്ലാസ്മുറികൾ, വിശാലമായ ലൈബ്രറി, മെച്ചപ്പെട്ട ഓഡിയോ വിഡിയോ സ്റ്റുഡിയോകൾ, കോൺഫറൻസ് ഹാളുകൾ, സെമിനാർ ഹാൾ തുടങ്ങിയ സജ്ജീകരണങ്ങൾ മാഗ്കോമിലുണ്ട്.ഇപ്പോഴുള്ള കംപ്യൂട്ടർ ലാബ് വിപുലപ്പെടുത്താനായാണ് കോളജ് അധികൃതർ ഷിപ്പ്യാർഡ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. മധു എസ്. നായരെ സമീപിച്ചത്. പാർശ്വവൽക്കൃത വിഭാഗങ്ങളിൽപ്പെട്ടതും സാമ്പത്തിക പരാധീനതയുള്ളതുമായ കുടുംബങ്ങളിലെ വിദ്യാർഥികൾക്കു കുറഞ്ഞ നിരക്കിലോ സൗജന്യമായോ വിദ്യാഭ്യാസം നൽകുകയെന്ന 'മാഗ്കോം' ദൗത്യത്തിനു പിൻതുണയേകാൻ ഷിപ്പ് യാർഡ് അധികൃതർ തീരുമാനിക്കുകയായിരുന്നു. ഷിപ്പ്യാർഡിൽ നടന്ന ചടങ്ങിൽ സിഎസ്ആർ ഫണ്ട് ലഭ്യമാക്കുന്നതു സംബന്ധിച്ച കരാർ ഒപ്പുവയ്ക്കപ്പെട്ടു. ഷിപ്പ്യാർഡിനുവേണ്ടി സിഎസ്ആർ ഫണ്ട് വിഭാഗം തലവൻ സമ്പത്ത് കുമാർ പി എനും മാഗ്കോമിനുവേണ്ടി ഹിന്ദുസ്ഥാൻ പ്രകാശൻ ട്രസ്റ്റിന്റെ മാനേജിങ് ട്രസ്റ്റി അഡ്വ. പി.കെ ശ്രീകുമാറും ധാരണാപത്രത്തിൽ ഒപ്പുവച്ചു. കൊച്ചിൻ ഷിപ്പ്യാർഡ് സിഎസ്ആർ വിഭാഗം മാനേജർമാരായ യൂസഫ് എ.കെ, ശശീന്ദ്രദാസ് പി.എസ് എന്നിവരും കേസരി വാരിക ചീഫ് എഡിറ്ററും മാഗ്കോം മെന്ററുമായ ഡോ. എൻ.ആർ മധു, മാഗ്കോം ഡയറക്ടർ എ.കെ അനുരാജ് തുടങ്ങിയവരും സന്നിഹിതരായി.

# കുസാറ്റ്: ഡിഡിയുകെകെ അസിസ്റ്റൻറ് പ്രൊഫസർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ദീൻ ദയാൽ ഉപധ്യായ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഡാറ്റ അനലറ്റിക്സ് അസിസ്റ്റൻറ് പ്രൊഫസർ ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കമ്പ്യൂട്ടർ സയൻസ്/ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ ഡാറ്റ സയൻസ്/ ഡാറ്റ അനലറ്റിക്സ്/ ബിസിനസ് അനലറ്റിക്സ് എന്നിവയിൽ ബിരുദാനന്തരബിരുദവും, ഡാറ്റ സയൻസിലോ അനുബന്ധ മേഖലയിലോ 2 കോഴ്സുകൾ പൂർത്തിയാക്കിയവർക്കും, ഇൻഡസ്ട്രി/ ടീച്ചിംഗ് പ്രവർത്തി പരിചയം എന്നിവ ഉള്ളവർക്ക് അപേക്ഷിക്കാം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് 03.12.2024നോ അതിനുമുമ്പോ അപേക്ഷിക്കാം. അപേക്ഷയുടെ ഒപ്പിട്ട ഹാർഡ് കോപ്പി 'രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി, കൊച്ചി22' എന്ന വിലാസത്തിൽ 17.12.2024നോ അതിനുമുമ്പോ ലഭിക്കത്തക്കവിധം അയക്കണം. കൂടുതൽ വിവരങ്ങൾക്ക് 04842862522, 048402862106 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ പരിധിയിൽ കൊച്ചി കോർപ്പറേഷന്റെ കീഴിലുള്ള നാല് അങ്കണവാടികൾക്ക് ശിശു സൗഹൃദ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അംഗീകൃത /വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ടെൻഡർ സംബന്ധിച്ച വിശദ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ ലഭ്യമാകും. ഫോൺ 04842706695

**കൊച്ചി:** ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ പരിധിയിൽ മരട് മുനസിപ്പാലിറ്റിയുടെ കിഴിലുള്ള അങ്കണവാടി നമ്പർ 14 ന് സക്ഷം പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അംഗീകൃത ഏജൻസികൾ/വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സംബന്ധിച്ച വിശദ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ ലഭ്യമാകും. ഫോൺ നമ്പർ 04842706695



# റഗുലേറ്റർ കം ബ്രിഡ്ജിൻെറ പണി പൂർത്തിയായി

**കോഴിക്കോട്:** പൂളക്കടവ് റഗുലേറ്റർ കം ബ്രിഡ്ജിൻറെ പണി പൂർത്തിയായി. ഇനി അപ്രോച്ച് റോഡ് നിർമിക്കണമെങ്കിൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാകണം. ഇതിനായി രണ്ടു ഭാഗങ്ങളിലായി ഒന്പതു പേരിൽ നിന്നായി 45.45 ആർ സ്ഥലമാണ് ഏറ്റെടുക്കാനുള്ളത്. ഇതിൻറെ ഭാഗമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി റിപ്പോർട്ട് തഹസിൽദാർ (കിഫ്ബി) കളക്ടർക്ക് നൽകിയിട്ടുണ്ട്.

വിജ്ഞാപനം പുറപ്പെടുവിച്ചാൽ ബന്ധപ്പെട്ടവർക്ക് അതിൻമേൽ ആക്ഷേപം ഉന്നയിക്കാൻ രണ്ട് മാസം നൽകണം. തുടർന്ന് ഏറ്റെടുക്കുന്ന സ്ഥലത്തിൻറെ രേഖകളുടെ പരിശോധന, സ്ഥലത്തിൻറെയും മരങ്ങളുടെയും വില നിർണയം തുടങ്ങിയ നടപടികൾ പൂർത്തിയാക്കണം. ഇതെല്ലാം യുദ്ധകാലടിസ്ഥാനത്തിൽ നടന്നാൽ ആറു മാസം കൊണ്ടു സ്ഥലം ഏറ്റെടുക്കാനാകും. അല്ലെങ്കിൽ വീണ്ടും കാത്തിരിക്കേണ്ടി വരും പൂനൂർ പുഴയ്ക്കു കുറുകെയാണ് പൂളക്കടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമിച്ചത്. പുഴയുടെ പാർശ്വഭിത്തിയുടെ നിർമാണമാണവും പൂർത്തിയാകാനുണ്ട്. പ്രവൃത്തിയുടെ ഭാഗമായി ഇവിടെ മണൽ ചാക്കുകൾ നിറച്ചു വച്ചിട്ടുണ്ട്.കുരുവട്ടൂർ പഞ്ചായത്ത് ഭാഗത്ത് 140 മീറ്റർ, കോർപറേഷൻ ഭാഗത്ത് 102 മീറ്റർ നീളത്തിലും 12 മീറ്റർ വീതിയിലുമാണ് ഇരു വശങ്ങളിലും അപ്രോച്ച് റോഡ് നിർമിക്കുക. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് കോർപറേഷൻ മേൽനോട്ടത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് പ്രവൃത്തി നടത്തുന്നത്. 18 മാസം കൊണ്ടു പൂർത്തിയാക്കുമെന്നായിരുന്നു ഉദ്ഘാടന സമയത്തെ പ്രഖ്യാപനം. രണ്ട് തവണ കാലാവധി നീട്ടി നൽകിയിരുന്നു.



# ചെല്ലാനം മോഡൽ ടെട്രാപോഡ് കടൽഭിത്തി കോഴിക്കോട്ടും

**കോഴിക്കോട്:** കടലേറ്റത്തെ പ്രതിരോധിക്കാനുള്ള പരീക്ഷണപദ്ധതിയായി എറണാകുളം ചെല്ലാനത്ത് നിർമിച്ച ടെട്രാപോഡ് സംവിധാനം കോഴിക്കോട്ടും.ആവിക്കൽ തോട് ചേരുന്ന കടലിൻറെ ഭാഗത്ത് 30 മീറ്റർ നീളത്തിലാണ് ടെട്രാപോഡ് ഭിത്തി നിർമിക്കുക.തോട്ടിലേക്ക് മണലടിഞ്ഞ് ഒഴുക്കുനിലച്ച് പരിസര പ്രദേശങ്ങളിൽ വെള്ളം കയറുന്നത് പരിഹരിക്കാനായി തുറമുഖ വകുപ്പാണ് പുതിയ സംവിധാനം നടപ്പാക്കുന്നത്.

നാലുവശത്തേക്കും നീണ്ട കാലുകളോടെ നിർമിക്കുന്ന കോൺക്രീറ്റ് രൂപമാണ് ടെട്രാപോഡ്. ഇത് കടലിനോട് ചേർന്ന് അടുക്കിവച്ചാൽ ഇതിൻറെ ഘടനാ പ്രത്യേകത മൂലം തീരത്തേക്ക് തിരയടിച്ചെത്തുന്നതും കടലേറ്റവും തീരം ഇടിയുന്നതും തടയാനാവും. ആവിക്കൽ തോട്ടിലെ ചെളിയെടുത്ത് ആഴം കൂട്ടി, സംരക്ഷണഭിത്തിയൊരുക്കി കിഴക്കുഭാഗത്തെ വീടുകളിൽ വെള്ളം കയറുന്നത് ഒഴിവാക്കാനുള്ള അഞ്ച് കോടിയുടെ പദ്ധതിയുടെ ഭാഗമായാണിത്. ബീച്ച് ഭാഗത്ത് തോടിൻറെ രണ്ട് വശത്തും പുലിമുട്ട് മാതൃകയിൽ നേരത്തെ കല്ലിട്ടിരുന്നു.

എന്നാൽ, കല്ലുകൾ തിരയെടുക്കുന്നതിനാൽ വീണ്ടും മണൽ കയറി ഒഴുക്ക് തടസപ്പെടുകയാണ്. ഇതിന് പരിഹാരമായി, രണ്ട് വശങ്ങളിലും പൈലിംഗ് ചെയ്ത് കോൺക്രീറ്റ് ഭിത്തികെട്ടി, കടലിന് അഭിമുഖമായി നിൽക്കുന്ന ഭാഗത്ത് ടെട്രാപോഡ് സ്ഥാപിക്കും. നിലവിൽ പൈലിംഗ് പ്രവൃത്തി പുരോഗമിക്കുകയാണ്. ഈ ആഴ്ച പൂർത്തിയാവും. സമീപത്ത് തന്നെ ടെട്രാപോഡ് നിർമാണവും നടക്കുന്നുണ്ട്. ആറ് മാസത്തിനുള്ളിലായി പ്രവൃത്തി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

1.3 കോടി ചെലവഴിച്ചുള്ള പദ്ധതിയുടെ ആദ്യഘട്ടത്തിൽ മാലിന്യം നീക്കൽ, ആഴം കൂട്ടൽ, ബിജി റോഡിൽ സംരക്ഷണ ഭിത്തി കെട്ടൽ തുടങ്ങിയവ പൂർത്തിയാക്കി. ഇതിന് ശേഷം കഴിഞ്ഞ രണ്ടുവർഷവും പ്രദേശത്ത് വെള്ളം പൊങ്ങിയിട്ടില്ല. 3.70 കോടിയുടെ രണ്ടാം ഘട്ടമാണ് പുരോഗമിക്കുന്നത്. കിഴക്കുഭാഗത്ത് തോടിന് മുഴുവൻ കോൺക്രീറ്റ് സംരക്ഷണഭിത്തിയും കെട്ടും.

# പതിനാലാമത് സെന്റിനറി കപ്പ് ഫുട്ബോൾ ടൂർണ്ണമെന്റ്

**ആലുവ:** സെന്റ് മേരീസ് ഹൈസ്ക്കൂളിന്റെ ശദാബ്ദിയുടെ സ്മാരകമായി ഏർപ്പെടുത്തിയ സെന്റിനറി കപ്പ് ഫുട്ബോൾ ടൂർണ്ണമെന്റ് ഈ വർഷം നവംബർ 18 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് സെൻറ് മേരീസ് ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ ആരംഭിക്കുന്നതാണ്. ജില്ലയിലെ 12 സ്കൂൾ ടീമുകളാണ് ടൂർണ്ണമെന്റിൽ പങ്കെടുക്കുക.

ആലുവ നഗരസഭ ചെയർമാൻ എം ഒ ജോൺ ഉൽഘാടനം നിർവ്വഹിക്കുന്ന ചടങ്ങിൽ അങ്കമാലി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ജനറൽ മാനേജർ ഫാ തോമസ് നങ്ങേലിമാലിൽ അദ്ധ്യക്ഷനായിരിക്കും.

സ്കൂൾ ഹെഡ്മാസ്റ്റർ ജെയ്മോൻ, സ്കൂൾ പൂർവ്വ വിദ്യാർത്ഥി സംഘടനയായ ആഷയുടെ പ്രസിഡണ്ട് ഇ എ ഷബീർ, പി ടി എ പ്രസിഡണ്ട് ആന്റണി, സംഘാടക സമിതി കൺവീനർ ലെനിൻ തോമസ്, പി പൗലോസ്, പി ജെ വർഗീസ്, പി എ മെഹബൂബ്, എൻ ജെ ജേക്കബ്, എം എം പൗലോസ്, എം റ്റി ഫ്രാൻസിസ്, എം പി ജെയിംസ്, സി പി രാജൻ, അബ്ദുൾ മജീദ് തുടങ്ങിയവർ സംസാരിക്കും.



# അന്വേഷണ മികവിന് റൂറൽ ജില്ലയിലെ പത്ത് പോലീസ് ഉദ്യോഗസ്ഥർക്ക് ജില്ലാ പോലീസ് മേധാവിയുടെ അനുമോദന പത്രം

**ആലുവ:** ടി.ആർ രാജേഷ് (ഡി.വൈ.എസ്.പി ആലുവ), ഡി.എസ് ഇന്ദ്ര രാജ് ( ഇൻസ്പെക്ടർ പിറവം) , എ. എൽ അഭിലാഷ് (ഇൻസ്പെക്ടർ തടിയിട്ട പറമ്പ്), സാബുജി എം.എ.എസ് (ഇൻസ്പെക്ടർ നെടുമ്പാശേരി), ആർ.വി അരുൺകുമാർ (ഇൻസ്പെക്ടർ അങ്കമാലി), പി.എ ഫൈസൽ ( ഇൻസ്പെക്ടർ കുട്ടമ്പുഴ), പി.എ സിബി (എസ്.ഐ കുട്ടമ്പുഴ), എം.കെ ഷിയാസ് (സീനിയർ സി പി ഒ), സഞ്ജു ജോസ് (സി പി ഒ കുറുപ്പംപടി), ടി.എം ഷഫീഖ് (സി പി ഒ കുറുപ്പംപടി) എന്നിവരാണ് അവാർഡിന് അർഹരായത്. ജില്ലാ പോലീസ്' ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ജില്ലാ പോലീസ് മേധാവി ഡോ. വൈഭവ് സക്സേന അനുമോദന പത്രം വിതരണം ചെയ്തു.

# ഭാരത അന്താരാഷ്ട്ര വ്യാപാര മേളയ്ക്ക് തുടക്കമായി

**തിരുവനന്തപുരം:** വികസിത് ഭാരത് @ 2047 എന്ന ആശയം ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ വർഷത്തെ ഭാരത അന്താരാഷ്ട്ര വ്യാപാര മേള ന്യൂ ഡൽഹിയിലെ പ്രഗതി മൈതനനിയിൽ ഇന്നലെ ആരംഭിച്ചു. സ്വയം പര്യാപ്തത, രാജ്യത്തിന്റെ സമഗ്ര മേഖലകളിലെയും അഭിവൃദ്ധി, നവീനവും സുസ്ഥിരവും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതുമായ ഭരണസംവിധാനത്തിലൂടെ സാമ്പത്തിക വളർച്ച എന്നീ മേഖലകളെയാണ് ഇത് പ്രതിനിധാനം ചെയ്യുന്നത്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ കർഷകൻവിപണിസർക്കാർ പിന്തുണ വികസിത കേരളത്തിന് എന്ന ആശയം ഉൾക്കൊണ്ടാണ് കൃഷി വകുപ്പിന്റെ സ്റ്റാളുകൾ ഒരുക്കിയിരിക്കുന്നത്. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ, വികസന പ്രവർത്തനങ്ങൾ എന്നിവ ഈ ആശയത്തെ ആസ്പദമാക്കി വിശദീകരിച്ചിട്ടുണ്ട്. കൂടാതെ കേരളഗ്രോ, കേര ഫെഡ്, ആതിരപ്പള്ളി ട്രൈബൽ വാലി എന്നിവരുടെ വിൽപ്പന സ്റ്റാളുകളും സജീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പിനെ പ്രതിനിധീകരിച്ചുകൊണ്ട് അഡിഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്) സുനിൽ എ ജെ, തിരുവനന്തപുരം പ്രിൻസിപ്പൽ അഗ്രിക്കച്ചറൽ ഓഫീസർ അനിൽ, കൊല്ലം പ്രിൻസിപ്പൽ അഗ്രിക്കച്ചറൽ ഓഫീസർ രാജേഷ്, ക്യാമ്പയിൻ ഓഫീസർ മോഹനചന്ദ്രൻ, മറ്റു ജീവനക്കാർ എന്നിവർ പങ്കെടുത്തു.

# ശാസ്ത്ര ഗവേഷണങ്ങൾ ലോകത്തിന്റെ ഹരിതഭാവി കൂടി ലക്ഷ്യം വെക്കണം: മുഖ്യമന്ത്രി

## സംസ്ഥാനസ്കൂൾ ശാസ്ത്രോത്സവം ഉദ്ഘാടനം ചെയ്തു

**ആലപ്പുഴ:** ശാസ്ത്ര ഗവേഷണങ്ങൾ മനുഷ്യന്റെ ശോഭനമായ ഭാവിക്കൊപ്പം ലോകത്തിന്റെ ഹരിതഭാവി കൂടി ലക്ഷ്യം വെച്ചുള്ളവയാവണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഉത്തരവാദിത്തത്തോടെ ശാസ്ത്ര മുന്നേറ്റങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയുന്നതിനുകുന്ന ചർച്ചകൾ കൂടി ശാസ്ത്രോത്സവങ്ങളുടെ ഭാഗമായി ഉയർന്നുവരണമെന്നും മുഖ്യമന്ത്രി പറഞ്ഞു. 56 ാമത് സംസ്ഥാനസ്കൂൾ ശാസ്ത്രോത്സവത്തിന്റെയും വൊക്കേഷണൽ എക്സ്പോയുടെയും ഉദ്ഘാടനം ആലപ്പുഴ സെന്റ് ജോസഫ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ശാസ്ത്ര മുന്നേറ്റങ്ങൾ മാനവരാശിക്കു നൽകിയ സംഭാവനകൾ വളരെ വലുതാണ്. ആയുർദൈർഘ്യം വർധിപ്പിക്കുന്നതിൽ, ഗതാഗത സൗകര്യങ്ങൾ ഒരുക്കുന്നതിൽ, വാർത്താവിനിമയ സംവിധാനങ്ങൾ ലഭ്യമാക്കുന്നതിലെല്ലാം നമ്മൾ മുന്നേറിയത് ശാസ്ത്രനേട്ടങ്ങളിൽ ഊന്നിയാണ്. എന്നാലവ പ്രകൃതിക്കുമേൽ ഏൽപ്പിക്കുന്ന ആഘാതത്തെ നാം കാണാതെ പോകരുത്. പ്രത്യേകിച്ച് ആഗോള താപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ആഘാതം നേരിട്ടനുഭവിക്കുന്ന ഒരു നാട് എന്ന നിലയിൽ മുഖ്യമന്ത്രി പറഞ്ഞു.

ഭാവികേരളത്തിന്റെ ശാസ്ത്രമേഖലയിലേക്കും തൊഴിൽനൈപുണ്യത്തിലേക്കും വിരൽ ചൂണ്ടുന്ന ഒന്നാണ് ശാസ്ത്രമേള. മത്സരങ്ങളിൽ പങ്കെടുക്കുക, സമ്മാനങ്ങൾ വാങ്ങുക എന്നതിലപ്പുറം ഇത്തരം ശാസ്ത്രമേളകളിലൂടെ പൊതുസമൂഹത്തിന്റെ ഉത്കർഷത്തിൽ തങ്ങളുടേതായ പങ്കുവഹിക്കാൻ കൂടി മത്സരാർത്ഥികൾക്കു കഴിയണം. പ്രത്യേകിച്ച്, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അശാസ്ത്രീയതയ്ക്കും മേൽക്കൈ ഉണ്ടാക്കാൻ ചില ശക്തികൾ കിണഞ്ഞു പരിശ്രമിക്കുന്ന ഇക്കാലത്ത്. ഭരണഘടനയുടെ ആർട്ടിക്കിൾ 51 എ പ്രകാരം ശാസ്ത്രാവബോധം വളർത്തുക എന്നത് രാജ്യത്തെ പൗരന്മാരുടെ കടമയാണ്. എന്നാൽ, സയന്റിഫിക് ടെമ്പർ വർദ്ധിപ്പിക്കുന്ന രീതിയിലല്ല പലപ്പോഴും കാര്യങ്ങൾ നീങ്ങുന്നത്. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും പ്രചരിപ്പിക്കാനായി ഭരണഘടനാ സ്ഥാനങ്ങളിൽ ഇരിക്കുന്നവർ തന്നെ ശ്രമിക്കുന്നു. ആ ശ്രമങ്ങൾക്ക് നമ്മുടെ ശാസ്ത്ര സ്ഥാപനങ്ങളെപ്പോലും തെറ്റായ രീതിയിൽ ഉപയോഗിക്കുകയാണ്. ഒരുവശത്ത്, അശാസ്ത്രീയതകളെ ശാസ്ത്രീയ സത്യങ്ങളായി പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുകയാണ്. മറുവശത്ത്, പരിണാമസിദ്ധാന്തം അടക്കമുള്ള ശാസ്ത്ര വിജ്ഞാനങ്ങളെ പുസ്തകങ്ങളിൽ നിന്നും ഒഴിവാക്കുകയാണ്. ഇത്തരമൊരു ഘട്ടത്തിൽ കേവലം വർഷംതോറും നടത്തിവരാറുള്ള മത്സരങ്ങൾ എന്നതിലുപരി ശാസ്ത്രാവബോധം വളർത്തുന്നതിലും അങ്ങനെ സാമൂഹിക പുരോഗതി ഉറപ്പുവരുത്തുന്നതിലും നിർണ്ണായക പങ്കുവഹിക്കാൻ കഴിയുന്നവയായി ശാസ്ത്രോത്സവങ്ങൾ മാറണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഗവേഷണമേഖലയിലെ പ്രതിഭകളെ സർക്കാർ പിന്തുണയ്ക്കുന്നത്. തുടർച്ചയായി മികവു തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് അണ്ടർ ഗ്രാജുവേറ്റ് തലം മുതൽ ബിരുദാനന്തര പഠനം വരെ മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് നൽകി അവരെ ഗവേഷണത്തിലേക്കു നയിക്കുകയും ചെയ്യുന്നുണ്ട് സർക്കാർ. ഇത്രയധികം വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുന്ന മറ്റൊരു ഇന്ത്യൻ സംസ്ഥാനവുമില്ല. ഗവേഷണ പാഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നമ്മൾ ഏർപ്പെടുത്തിയിട്ടുള്ള കൈരളി അവാർഡുകൾക്കു സമാനമായ മറ്റൊന്ന് ഒരു സംസ്ഥാനത്തുമില്ല. കൈരളി ലൈഫ്ടൈം അച്ചീവ്മെന്റ് ഗ്ലോബൽ പ്രൈസ്, ലൈഫ്ടൈം അച്ചീവ്മെന്റ് നാഷണൽ അവാർഡ്, ഗവേഷണ പുരസ്കാരം, ഗവേഷക പുരസ്കാരം എന്നിങ്ങനെയുള്ള അവാർഡുകളും നൽകിവരുന്നുണ്ട്. ഗവേഷണത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ മികവിന്റെ 30 കേന്ദ്രങ്ങൾ സംസ്ഥാനത്താകെ ഒരുക്കുകയാണെന്നും അവയിൽ പത്തെണ്ണം പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

പൊതുവിദ്യാഭ്യാസവകുപ്പ് മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ സജി ചെറിയാൻ, പി പ്രസാദ് എന്നിവർ മുഖ്യാതിഥികളായി.

എംഎൽഎമാരായ പി പി ചിത്തഞ്ജൻ, എച്ച് സലാം, തോമസ് കെ തോമസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി, ആലപ്പുഴ നഗരസഭ അധ്യക്ഷ കെ കെ ജയമ്മ, ജില്ലാ പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷ എം വി പ്രിയ, ജില്ലാ പഞ്ചായത്ത് അംഗം ആർ റിയാസ്, നഗരസഭസ്ഥിരംസമിതി അധ്യക്ഷ ആർ വിനീത, പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്ജ്, പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ ജീവൻ ബാബു, ജില്ലാ കളക്ടർ അലക്സ് വർഗീസ്, എസ് സി ഇ ആർ ടി ഡയറക്ടർ ആർ കെ ജയപ്രകാശ്, കൈറ്റ് സി ഇ ഒ കെ അൻവർ സാദത്ത് എന്നിവർ സംസാരിച്ചു.

# തെളിമ പദ്ധതി 96 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം: മന്ത്രി ജി ആർ അനിൽ

**തിരുവനന്തപുരം:** തെളിമ പദ്ധതിയിലൂടെ റേഷൻ കാർഡിലെ തെറ്റുകൾ സൗജന്യമായി തിരുത്താനുള്ള അവസരം പൊതുജനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ഭക്ഷ്യ,പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ പറഞ്ഞു. റേഷൻ കാർഡുകൾ കുറ്റമറ്റതാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന തെളിമ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മണക്കാട് 1101211 ാം നമ്പർ റേഷൻ ഡിപ്പോയിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ഡിസംബർ 15 വരെ റേഷൻ കാർഡിലെ തെറ്റുകൾ തിരുത്താനും ആധാർ നമ്പർ ചേർക്കാനും പൊതുജനങ്ങൾക്ക് അവസരമുണ്ട്. 96 ലക്ഷം കുടുംബങ്ങൾക്ക് തെളിമ പദ്ധതി പ്രയോജനപ്പെടും. ഉടമയുടെയും അംഗങ്ങളുടെയും പേര്, വയസ്സ്, മേൽവിലാസം കാർഡുടമയുമായുള്ള ബന്ധം തുടങ്ങിയ വിവരങ്ങളിലെ തെറ്റുകൾ തിരുത്താം. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും സ്ഥാപിച്ചിട്ടുള്ള പെട്ടികളിൽ ആവശ്യമായ രേഖകൾക്കൊപ്പം അപേക്ഷകൾ നിക്ഷേപിച്ചാൽ മതി. അപേക്ഷകൾ കൃത്യമായി പരിശോധിച്ചു തെറ്റുകൾ തിരുത്തി കാർഡ് നൽകും. എൽപിജി, വൈദ്യുതി കണക്ഷൻ വിവരങ്ങൾ കാർഡിൽ ചേർക്കാം. അനർഹമായി കൈവശം വച്ചിരിക്കുന്ന മുൻഗണനാ / എ എ വൈ കാർഡുകളെക്കുറിച്ചുള്ള പരാതികളും ഈ രീതിയിൽ നൽകാമെന്ന് മന്ത്രി അറിയിച്ചു.

സംസ്ഥാനത്തെ ജനങ്ങളെ പൂർണമായും പൊതു വിതരണ സംവിധാനവുമായി ബന്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 5 ലക്ഷം കാർഡുകൾ പുതുതായി നൽകിയിട്ടുണ്ട്. പുതിയ റേഷൻ കാർഡിന് അപേക്ഷ ലഭിച്ച് 24 മണിക്കൂറിനുള്ളിൽ നൽകാനുള്ള കാര്യക്ഷമമായ സംവിധാനം നിലവിലുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ഡെപ്യൂട്ടി മേയർ പി കെ രാജു അദ്ധ്യക്ഷനായിരുന്ന ചടങ്ങിൽ കമലേശ്വരം കൗൺസിലർ വിജയകുമാരി, ഉദ്യോഗസ്ഥർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

### ക്വട്ടേഷൻ ക്ഷണിച്ചു

**കോഴിക്കോട്:** ബേപ്പൂർ തുറമുഖത്തെ ഉപയോഗശൂന്യമായ 440 കിലോ പഴയ ഇരുമ്പ് കമ്പികൾ വിൽപ്പന നടത്തുന്നതിനായി മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷൻ അപേക്ഷ സ്വന്തം കടലാസിൽ തയ്യാറാക്കി 'ബേപ്പൂർ തുറമുഖത്തെ ഉപയോഗശൂന്യമായ ഇരുമ്പ് കമ്പികൾ വിൽപ്പന നടത്തുന്നതിനുള്ള ക്വട്ടേഷൻ' എന്ന് ആലേഖനം ചെയ്ത് മുദ്രവെച്ച് കവറിൽ പോർട്ട് ഓഫീസർ, കോഴിക്കോട്, ബേപ്പൂർ പോർട്ട്, കോഴിക്കോട്673015 എന്ന വിലാസത്തിൽ നവംബർ 22 ന് ഒരു മണിക്കകം ലഭ്യമാക്കണം. അന്നേ ദിവസം വൈകീട്ട് മൂന്നിന് ദർഘാസുകൾ തുറക്കും. ഫോൺ: 04952414863, 2418610.

### അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ജില്ലാതല ക്വാളിറ്റി മോണിറ്റർമാരുടെ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. തദ്ദേശസ്വയംഭരണം, ജലസേചനം, പൊതുമരാമത്ത്, മണ്ണ് സംരക്ഷണം തുടങ്ങിയ വകുപ്പുകൾ/ പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും സിവിൽ/ അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസി. എഞ്ചിനീയർ തസ്തികയിൽ കുറയാത്ത തസ്തികയിൽ നിന്നും വിരമിച്ച, 65 വയസ്സിൽ താഴെ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ ജോയിന്റ് പ്രോഗ്രാം കോഓഡിനേറ്റർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജില്ലാ സെൽ, സി. ബ്ലോക്ക്, നാലാം നില, സിവിൽ സ്റ്റേഷൻ, കോഴിക്കോട്673020 എന്ന വിലാസത്തിൽ തപാൽ വഴിയോ, നേരിട്ടോ സ്വന്തം തയ്യാറാക്കിയ അപേക്ഷ ബയോഡാറ്റ സഹിതം നവംബർ 25 നകം ലഭ്യമാക്കണം.

അഭിമുഖം നടത്തിയായിരിക്കും തെരഞ്ഞെടുപ്പ്. തെരഞ്ഞെടുക്കപ്പെടുന്നവർ മാസത്തിൽ കുറഞ്ഞത് 10 ദിവസവും പരമാവധി 15 ദിവസം വരെയും ജില്ലാ പ്രോഗ്രാം കോഓഡിനേറ്റർ / ജോയിന്റ് പ്രോഗ്രാം കോഓഡിനേറ്റർ എന്നിവരുടെ നിർദ്ദേശപ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങളുടെ ഫീൽഡ്തല പരിശോധന നടത്തി റിപ്പോർട്ട് ജില്ലാ പ്രോഗ്രാം കോഓഡിനേറ്റർക്ക് സമർപ്പിക്കണം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒരു ദിവസത്തെ സൈറ്റ് വിസിറ്റിംഗ്, യാത്ര ചെലവ് ഉൾക്കടെ 1455 പ്രതിദിന വേതന നിരക്കിൽ ഒരു മാസം പരമാവധി 21325 രൂപ വേതനം ലഭിക്കും. ഫോൺ: 04952377188.

### ക്യാമ്പ് അസിസ്റ്റന്റ് നിയമനം

**കോഴിക്കോട്:** മണിയൂർ കോളേജ് ഓഫ് എൻജിനീയറിങ്ങിൽ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്ന പരീക്ഷ മൂല്യനിർണയ ക്യാമ്പ് ഓഫീസിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ ക്യാമ്പ് അസിസ്റ്റന്റിനെ നിയമിക്കുന്നു. കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ബിരുദ/ ഡിപ്ലോമ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. വയസ്സ്, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം നവംബർ 18 ന് രാവിലെ 10 മണിക്ക് മണിയൂർ കുറുന്തോടിയിലുള്ള കോളേജ് ഓഫീസിൽ ഹാജരാവണം. ഫോൺ: 04962536125, 9495368910.

### ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു

**കോഴിക്കോട്:** ശിശുദിനത്തോടനുബന്ധിച്ചു കാപ്പാട് ബ്ലൂ ഫ്ലാഗ് ബീച്ചിൽ ഡിടിപിസിയുടെ ആഭിമുഖ്യത്തിൽ ബീച്ച് സന്ദർശകർക്കായി 'കാപ്പാട് കെയേഴ്സ്' എന്ന പേരിൽ കുട്ടികളിലെ വാക്സിനേഷനെക്കുറിച്ച് ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. തിരുവങ്ങൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ റീജയും യൂണിയൻ പ്രൈമറി ഹെൽത്ത് നേഴ്സ് സോജയും വാക്സിനേഷൻ ബോധവൽക്കരണ ക്ലാസ്സ് നൽകി. ശിശുദിനത്തിൽ ബീച്ചിലെത്തുന്ന കുത്തിവെപ്പ് എടുത്ത കുട്ടികൾക്ക് ഡിടിപിസിയുടെ ഉപഹാരവും കൈമാറി.

### ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണം

**കോഴിക്കോട്:** മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധി ഫണ്ടിൽ നിന്നും പെൻഷൻ/കുടുംബ പെൻഷൻ കൈപ്പറ്റുന്നവർ നവംബർ 20ന് മുൻപായി ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ക്ഷേമനിധി സെക്രട്ടറി അറിയിച്ചു. മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധി, ഹൗസ്ഫെഡ് കോംപ്ലക്സ്, പി ഒ എരഞ്ഞിപ്പാലം, കോഴിക്കോട് 673 006 എന്ന വിലാസത്തിലാണ് സർട്ടിഫിക്കറ്റ് അയക്കേണ്ടത്. ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ, ആധാർ നമ്പർ, മേൽവിലാസം, ടെലഫോൺ നമ്പർ എന്നിവ വ്യക്തമാക്കി വില്ലേജ് ഓഫീസർ/ ഗസറ്റഡ് ഓഫീസർ/ ബാങ്ക് മാനേജർ/ ക്ഷേമനിധി ബോർഡ് മെമ്പർ ഒപ്പിട്ടതായിരിക്കണം സർട്ടിഫിക്കറ്റ്. 60 വയസ്സിൽ താഴെ പ്രായമുള്ള കുടുംബ പെൻഷൻകാർ പുനർവിവാഹം നടത്തിയിട്ടില്ല എന്ന സാക്ഷ്യപത്രം കൂടി സമർപ്പിക്കണം. ഫോൺ 0495 2360720

# സാന്റാ റൺ കൊച്ചി ഡിസംബർ എട്ടിന്; രജിസ്ട്രേഷൻ തുടങ്ങി

**കൊച്ചി:** ഓട്ടിസം ബാധിച്ച കുട്ടികളെ ശാക്തീകരിക്കാൻ ലക്ഷ്യമിട്ടുള്ള സാമൂഹിക കൂട്ടായ്മയുടെ ഭാഗമായ സാന്റാ റൺ അഞ്ചാം പതിപ്പ് ഡിസംബർ എട്ടിന് നടക്കും. ഗ്രാൻഡ് ഹയാത്ത് കൊച്ചിയിൽ റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ നൈറ്റ്സ് ട്രസ്റ്റ് സംഘടിപ്പിക്കുന്ന സാന്റാ റൺ 5 കിലോമീറ്റർ ഫാമിലി ഫൺ റൺ, 10 കിലോമീറ്റർ ഓട്ടം, 21.1 കിലോമീറ്റർ ഓട്ടം, 50 കിലോമീറ്റർ സൈക്ലിംഗ്, 21.1 കിലോമീറ്റർ റിലേ എന്നിങ്ങനെയാണ് നടക്കുന്നത്.സാന്റാ റൺ കൊച്ചി വെറുമൊരു ഓട്ടമല്ലെന്നും സാമൂഹിക കൂട്ടായ്മയുടെ സംരംഭമാണെന്നും റോട്ടറി കൊച്ചിൻ നൈറ്റ്സ് ട്രസ്റ്റ് പ്രസിഡന്റ് ജിബ്രാൻ ആസിഫ് പറഞ്ഞു. ഓട്ടിസം ബാധിതരെ കുറിച്ച് സമൂഹത്തിന്റെ അവബോധം വളർത്തുകയും അവർക്ക് അഭിവൃദ്ധി പ്രാപിക്കാൻ ആവശ്യമായ ഉപകരണങ്ങളും അവസരങ്ങളും നൽകുകയും ചെയ്യുക എന്നതാണ് സാന്റാ റണ്ണിന്റെ ലക്ഷ്യം.

കഴിഞ്ഞ നാല് വർഷമായി സാന്റാ റൺ കൊച്ചി ഓട്ടിസം ബാധിച്ച കുട്ടികളുടെ ജീവിതത്തിൽ യഥാർഥ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി റിങ്കു അലക്സാണ്ടർ കൂട്ടിച്ചേർത്തു. ഓട്ടിസം ബാധിച്ച കുട്ടികൾക്കായുള്ള കേരളത്തിലെ ആദ്യത്തെ സെൻസറി പാർക്ക്, സോപ്പ്, മെഴുകുതിരി നിർമ്മാണം എന്നിവയ്ക്കായി വൊക്കേഷണൽ യൂണിറ്റ്, പാവപ്പെട്ട ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ഹൃദയ ശസ്ത്രക്രിയകൾ നൽകുകയും അവർക്ക് അർഹമായ പരിചരണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, ഓട്ടിസം ബാധിച്ച കുട്ടികൾക്ക് സ്വാതന്ത്ര്യവും അന്തസ്സും ഉറപ്പുനൽകുന്ന സുരക്ഷിതമായ താമസസ്ഥലങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഹോം പ്രോജക്ട് തുടങ്ങിയവ പദ്ധതിയുടെ ഭാഗമാണ്. കഴിഞ്ഞ വർഷം ഡിസംബറിൽ 2350 പേർ ഓടിയപ്പോൾ ഈ വർഷം 3,500ലധികം ഓട്ടക്കാരെയാണ് പ്രതീക്ഷിക്കുന്നതെന്ന് സാന്റാ റൺ കൊച്ചി ചെയർമാൻ സാബു ജോണി പറഞ്ഞു.ഓട്ടത്തിനായി പങ്കെടുക്കുന്നതിനും കൂടുതൽ വിശദാംശങ്ങൾക്കും santarunkochi.comൽ റജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9895225745 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# അമൃതയിൽ റീജെനറേറ്റീവ് പെയിൻ മെഡിസിൻ ആന്റ് വെൽനസ് ക്ലിനിക്ക്

**കൊച്ചി:** അമൃത ആശുപത്രിയിൽ പുതിയതായി ആരംഭിക്കുന്ന റീജെനറേറ്റീവ് പെയിൻ മെഡിസിൻ ആന്റ് വെൽനസ് ക്ലിനിക്കിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 11ന് കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിർവഹിക്കും. കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നടക്കുന്ന ചടങ്ങിൽ ഡോക്ടർമാരുടെ തുടർ മെഡിക്കൽ വിദ്യാഭ്യാസ പദ്ധതിയായ അമൃത ആന്വൽ റിവ്യൂ ഇൻ പാലിയേറ്റീവ് മെഡിസിൻ പ്രോഗ്രാമിന്റെയും പെയിൻ ആന്റ് പാലിയേറ്റിവ് രോഗികൾക്കായുള്ള സപ്പോർട്ട് ഗ്രൂപ്പിന്റെ ഉദ്ഘാടനവും ഗവർണർ നിർവഹിക്കും. സീനിയർ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. പ്രതാപൻ നായർ അധ്യക്ഷത വഹിക്കും. സ്വാമി അനഘാമൃതാനന്ദ പുരി അനുഗ്രഹ പ്രഭാഷണം നടത്തും.

വിവിധ ആരോഗ്യ പ്രശ്നങ്ങളാൽ വേദന അനുഭവിക്കുന്നവർക്ക് ശരീരകലകളെ സുഖപ്പെടുത്തുന്നതിലൂടെയും പുനരുജ്ജീവിപ്പിക്കുന്നതിലൂടെയും വേദനയ്ക്ക് ശമനം നൽകുന്ന നൂതന ചികിത്സാരീതിയാണ് റീജെനറേറ്റീവ് പെയിൻ മെഡിസിൻ ക്ലിനിക്കിലൂടെ ലഭ്യമാക്കുക. ശരീരത്തിന്റെ സ്വഭാവികമായ രോഗശാന്തി പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന ഘടകങ്ങൾ മാത്രം ചികിത്സയിൽ ഉപയോഗിക്കുന്നതിനാൽ വേദനസംഹാരി മരുന്നുകളോട് കൃത്യമായി പ്രതികരിക്കാത്ത രോഗാവസ്ഥകളിലും ദീർഘകാലം മരുന്ന് കഴിക്കാൻ സാധിക്കാത്തവർക്കും ഈ ചികിത്സ പ്രയോജനകരമാകും.ഇതോടൊപ്പം ദീർഘകാലമായി വേദനകൾ അനുഭവിക്കുന്ന രോഗികളിൽ പോഷകങ്ങൾ, ആഹാരക്രമം, അനുയോജ്യമായ വ്യായാമരീതികൾ, തുടങ്ങി ജീവിതശൈലീ ക്രമീകരണങ്ങൾക്കാവശ്യമായ സഹായങ്ങളും ക്ലിനിക്കിലൂടെ രോഗികൾക്ക് ലഭ്യമാകും.




# കേരള പ്രിന്റ് ആന്റ് പായ്ക്ക് 2024 എക്സിബിഷൻ ആരംഭിച്ചു

**കൊച്ചി:** കേരള പ്രിൻറേഴ്സ് അസോസിയേഷൻ (കെപി.എ.) 39ാം സംസ്ഥാന സമ്മേളനത്തിന് അനുബന്ധിച്ചുള്ള കേരള പ്രിൻറ് & പായ്ക്ക് 2024 മെഗാ എക്സിബിഷൻ എറണാകുളം കാക്കനാട് കിൻഫ്ര ഇൻറർനാഷണൽ എക്സിബിഷൻ സെന്ററിൽ ആരംഭിച്ചു. എറണാകുളം എം.പി. ഹൈബി ഈഡൻ എക്സിബിഷൻ ഉദ്ഘാടനം ചെയ്തു.

കെപിഎ സംസ്ഥാന പ്രസിഡൻറ് വൈ. വിജയൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ രാധാമണി പിള്ള മുഖ്യാതിഥിയായിരുന്നു. എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജൽ പി.എ. നജീബ്, കെ.പി.എ മുഖ്യ രക്ഷാധികാരി ആർ. സുരേഷ്, മുഖ്യ ഉപദേഷ്ടാവ് പി.എ അഗസ്റ്റിൻ, ജനറൽ സെക്രട്ടറി പി.എം. ഹസൈനാർ, ട്രഷറർ പി.അശോക് കുമാർ, വൈസ് പ്രസിഡൻറ് & ജനറൽ കൺവീനർ രാജീവ് ഉപ്പത്ത്, സംസ്ഥാന സെക്രട്ടറിമാരായ പി.കെ. സുരേന്ദ്രൻ, അജിത് സൈമൺ, എറണാകുളം ജില്ലാ പ്രസിഡൻറ് ബിനു പോൾ, എ.ഐ.എഫ്.എം.പി. ജി.ബി. മെമ്പർ അഡ്വ. സാനു പി. ചെല്ലപ്പൻ, വർദ്ദൻ ഈവൻറ്സ് സിഇഒ ബി.പി. മിശ്ര തുടങ്ങിയവർ പ്രസംഗിച്ചു.

ഇന്നും നാളെയും (നവംബർ 16, 17 ശനി, ഞായർ) കേരള പ്രിൻറ് & പായ്ക്ക് മെഗാ എക്സിബിഷൻ തുടരും. പ്രിൻറിഗ് മേഖലയിൽ ഏറ്റവും വലിയ സംഘടനയായ കേരള പ്രിൻറേഴ്സ് അസോസിയേൻറെ നേതൃത്വത്തിൽ നടക്കുന്ന കേരള പ്രിൻറ് ആൻറ് പായ്ക്ക് എക്സിബിഷനിൽ ഡിജിറ്റൽ പ്രിൻററുകൾ, കട്ടിംഗ് മെഷനറികൾ, ലാമിനേഷൻ മെഷനറികൾ, പ്രിൻറിംഗ് ഫിനിഷിംഗ് മെഷനറികൾ തുടങ്ങി അനുബന്ധ സാമഗ്രികളുടെയും തദ്ദേശിയവും വിദേശനിർമ്മിതവുമായ നീണ്ടനിര തന്നെ ഉണ്ട്.

ലോകോത്തരനിലവാരനുള്ള ഏറ്റവും നവീനവും ഡിജിറ്റലുമായ മെഷനറികൾ പ്രദർശനത്തിൻറെ പ്രത്യേകതയാണ്. സ്പോട്ടിൽതന്നെ മെഷനറികൾ ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

അഖിലേന്ത്യ പ്രദർശനം രാവിലെ 10 മുതൽ വൈകീട്ട് 6 മണി വരെ ഉണ്ടായിരിക്കും. പ്രവേശനം സൗജന്യമാണ്.

# റെനോ ഇന്ത്യ വിന്റർ സർവീസ് ക്യാമ്പ് നവംബർ 18 മുതൽ 24 വരെ



**ന്യൂഡൽഹി:** റെനോ ഇന്ത്യ തങ്ങളുടെ വിൽപ്പനാനന്തര സേവന സംരംഭം 'റെനോ വിന്റർ ക്യാമ്പ്' നവംബർ 18 മുതൽ നവംബർ 24 വരെ രാജ്യവ്യാപകമായി എല്ലാ റെനോ സർവീസ് സെന്ററുകളിലുമായി നടത്തും. കാറുകളുടെ ഒപ്റ്റിമൽ പെർഫോമൻസ് വാഗ്ദാനം ചെയ്യുന്നതിനായി, ബാറ്ററി ആരോഗ്യം, പവർ സ്റ്റിയറിംഗ് ഫ്ലൂയിഡ്, ഇടത്, വലത് സൂചകങ്ങൾ/അപകടം തുടങ്ങിയ നിർണായക വശങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രമായ 44പോയിന്റ് പരിശോധനയിലൂടെ റെനോ ഇന്ത്യയുടെ പരിശീലനം സിദ്ധിച്ചതും വൈദഗ്ധ്യമുള്ളതുമായ സാങ്കേതിക വിദഗ്ധരിൽ നിന്ന് വാഹനങ്ങൾക്ക് വിദഗ്ധ പരിചരണം ലഭിക്കും. ലൈറ്റുകൾ, ബ്രേക്ക് ഫ്ലൂയിഡ് റിസർവോയർ, എഞ്ചിൻ എയർ ഫിൽട്ടർ & എസി/കാബിൻ ഫിൽട്ടർ, കൂളന്റ് റിക്കവറി റിസർവോയർ & ലെവൽ. ഇതോടൊപ്പം സേവനത്തിൽ കോംപ്ലിമെന്ററി കാർ ടോപ്പ് വാഷും ലഭ്യമാണ്. ഇത്തരം പതിവ് പരിശോധനകൾ മെച്ചപ്പെട്ട വാഹന പ്രകടനത്തിന് ആവശ്യമായ എല്ലാ നടപടികളും ഉറപ്പ് നൽകുകയും ഉപഭോക്താക്കൾക്ക് തൃപ്തികരമായ ഉടമസ്ഥതാ അനുഭവം നൽകുകയും ചെയ്യുന്നു. റെനോ വിന്റർ ക്യാമ്പിന്റെ ഭാഗമായി, റെനോ ഉപഭോക്താക്കൾക്ക് തിരഞ്ഞെടുത്ത ഭാഗങ്ങളിൽ 15% വരെ കിഴിവ് പ്രഖ്യാപിച്ചിട്ടുണ്ട്. മൈ റെനോ ആപ്പ് രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾക്ക് 5% അധിക കിഴിവ് ലഭിക്കും. തിരഞ്ഞെടുത്ത ആക്സസറികൾക്ക് കുറഞ്ഞത് 15%, എഞ്ചിൻ ഓയിൽ മാറ്റിസ്ഥാപിക്കുന്നതിന് 10%, ലേബർ ചാർജിൽ 15%, മൂല്യവർദ്ധിത സേവനങ്ങൾക്ക് 15% എക്സറ്റൻഡഡ് വാറന്റിയിൽ 10%, റോഡ് സൈഡ് അസിസ്റ്റൻസ് റീട്ടെയിൽ പ്രോഗ്രാമിൽ 10% എന്നീ കിഴിവുകളും പ്രഖ്യാപിച്ചിട്ടുണ്ട്.

# പഞ്ചാബ് നാഷണൽ ബാങ്ക് പരിസ്ഥിതി സൗഹൃദ പലാശ് ഡെബിറ്റ് കാർഡ് പുറത്തിറക്കി

**ന്യൂഡൽഹി:** പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) തങ്ങളുടെ സുസ്ഥിര സംരംഭത്തിന്റെ ഭാഗമായി റീസൈക്കിൾ ചെയ്ത പിവിസി പ്ലാസ്റ്റിക് (ആർപിവിസി) ഉപയോഗിച്ച് നിർമ്മിച്ച ഡെബിറ്റ് കാർഡ് വേരിയന്റായ പിഎൻബി പലാശ് ഡെബിറ്റ് കാർഡ് പുറത്തിറക്കി. മാലിന്യക്കൂമ്പാരങ്ങളിൽ നിന്നും ശേഖരിക്കുന്ന വസ്തുക്കൾ റീസൈക്കിൾ ചെയ്തു നിർമിക്കുന്ന പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമിക്കുന്ന ഈ ഡെബിറ്റ് കാർഡ് പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിൽ പങ്കു വഹിക്കും.

ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട ഈ വ്യക്തിഗത ഡെബിറ്റ് കാർഡ് ലഭിക്കുന്നതിന് പിഎൻബി ശാഖ സന്ദർശിക്കാം. നിലവിലുള്ള റുപേ പ്ലാറ്റിനം ഡെബിറ്റ് കാർഡ് വേരിയന്റിന്റെ എല്ലാ സവിശേഷതകളും പിഎൻബി പലാശ് ഡെബിറ്റ് കാർഡ് വാഗ്ദാനം ചെയ്യുന്നു.ഡെബിറ്റ് കാർഡിന് അർഹതയുള്ള എല്ലാ ഉപഭോക്താക്കൾക്കും പലാശ് ഡെബിറ്റ് കാർഡ് ലഭിക്കും. ഇഷ്യൂ ചാർജ് 250 രൂപയും നികുതിയുമാണ്. നഷ്ടമോ, കേടുപാടുകളോ, ബ്ലോക്ക് ചെയ്തതോ കാരണം കാർഡ് റീപ്ലേസ് ചെയ്യുകയാണെങ്കിൽ, റീപ്ലേസ്മെന്റ് ചാർജും 250 രൂപയും നികുതിയുമാണ്. കൂടാതെ, വാർഷിക ചാർജായി 250 രൂപയും നികുതിയും ഉണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# സംയുക്ത വിദ്യാഭ്യാസ സംരംഭത്തിന് തുടക്കമിട്ട് മദ്രാസ്,പാലക്കാട് ഐഐടികൾ

**കൊച്ചി:** റിസർച്ച് ഇന്റേൺഷിപ്പുകൾ, സമ്മർ പ്രോഗ്രാമുകൾ, വിഭവശേഷി പങ്കിടൽ എന്നിവയിലൂടെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ അവസരങ്ങൾ വർദ്ധിപ്പിക്കാൻ മദ്രാസ് ഐഐടിയും പാലക്കാട് ഐഐടിയും ധാരണാപത്രം ഒപ്പിട്ടു. മദ്രാസ് ഐഐടിയിൽ ഡാറ്റ സയൻസ് ആന്റ് അപ്ലിക്കേഷൻ ബാച്ചിലർ ഓഫ് സയൻസ് പ്രോഗ്രാമുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് പാലക്കാട് ഐഐടിയിൽ കോഴ്സുകളിൽ ചേർന്ന് തങ്ങളുടെ ക്രെഡിറ്റ് പൂർത്തികരിക്കാനാകും.

അതുപോലെ, പാലക്കാട് ഐഐടിയിൽ അണ്ടർഗ്രാജുവേറ്റ് പ്രോഗ്രാമുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് മദ്രാസ് ഐഐടി നടത്തുന്ന ഡാറ്റ സയൻസ് ആന്റ് അപ്ലിക്കേഷൻ ബിഎസ് പ്രോഗ്രാമുകളിൽ എൻറോൾ ചെയ്യാനുമാകുമെന്ന് അധിതർ വ്യക്തമാക്കി.സഹകരണത്തിനുള്ള ധാരണാപത്രം ഐഐടി മദ്രാസ് ഡയറക്ടർ പ്രൊഫ. വി. കാമകോടി, ഐഐടി പാലക്കാട് ഡയറക്ടർ പ്രൊഫ. എ. ശേഷാദ്രി ശേഖർ എന്നിവരുടെ സാന്നിധ്യത്തിൽ ഒപ്പുവച്ചു. ഈ സഹകരണം സ്റ്റുഡന്റ് എക്സ്ചേഞ്ച് പരിപാടികൾ, ഇൻറേൺഷിപ്പ് അവസരങ്ങൾ എന്നിവയും സാധ്യമാക്കും. ബിഎസ് പ്രോഗ്രാം അവസാനവർഷ വിദ്യാർത്ഥികൾക്ക് ഇൻപേഴ്സൺ ലേണിംഗ് അവസരങ്ങൾ നൽകുന്നതിനായി ഐഐടി മദ്രാസ് രാജ്യത്തെ മറ്റ് പ്രമുഖ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഐഐടി ഗാന്ധിനഗർ, ഐഐടി ഹൈദരാബാദ്, ചെന്നൈ മാത്തമാറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾ ബിഎസ് (ഡാറ്റ സയൻസ്) ഡിഗ്രി പ്രോഗ്രാം പഠിക്കുന്ന ഐഐടി മദ്രാസിലെ യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് അവരുടെ ക്യാമ്പസ് കോഴ്സുകൾ പഠിക്കാൻ അവസരം നൽകിയിട്ടുണ്ടെന്നും അധികൃതർ പറഞ്ഞു.

# മുത്തൂറ്റ് ഫിനാൻസിന്റെ സംയോജിത അറ്റാദായം 2,517 കോടി രൂപ

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് നടപ്പു സാമ്പത്തിക വർഷം ആദ്യ പകുതിയിൽ 2517 കോടി രൂപയുടെ സംയോജിത അറ്റാദായം നേടി. മുൻവർഷം ഇതേ കാലയളവിൽ 2,140 കോടി രൂപയായിരുന്നു. 18 ശതമാനമാണ് വർധന. അതേസമയം രണ്ടാം പാദത്തിൽ 1,321 കോടി രൂപയാണ് സംയോജിത അറ്റാദായം. മുൻവർഷത്തെ 1,095 കോടി രൂപയേക്കാൾ വാർഷികാടിസ്ഥാനത്തിൽ 21 ശതമാനമാണ് വർധന. കമ്പനി കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ ആദ്യ പകുതിയിൽ 1,04,149 കോടി രൂപയിലെത്തി. മുൻവർഷം ഇതേകാലയളവിൽ ഇത് 79,493 കോടി രൂപയായിരുന്നു. 31 ശതമാനമാണ് വർധന.

സ്വർണ വായ്പ 28 ശതമാനം വർധിച്ച് 86,164 കോടി രൂപയിലെത്തി.മുത്തൂറ്റ് ഫിനാൻസിൻറെ മാത്രം സാമ്പത്തിക വർഷം ആദ്യ പകുതിയിലെ അറ്റാദായം 2,330 കോടി രൂപയാണ്.

മുൻ വർഷത്തെ 1,966 കോടി രൂപയേക്കാൾ 18 ശതമാനമാണ് വർധന. രണ്ടാം പാദത്തിൽ ഇത് 1,251 കോടി രൂപയാണ് അറ്റാദായം. മുൻവർഷം സമാന പാദത്തിൽ 991 കോടി രൂപയായിരുന്നു 26 ശതമാനമാണ് വർധന. സാമ്പത്തിക വർഷം ആദ്യ പകുതിയിൽ മുത്തൂറ്റ് ഫിനാൻസിൻറെ മാത്രം കമ്പനി കൈകാര്യം ചെയ്യുന്ന ആസ്തികൾ 90,197 കോടി രൂപയായി.

കമ്പനിക്ക് കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ ആദ്യ പകുതിയിൽ ഒരു ലക്ഷം കോടി രൂപയെന്ന സുവർണ നാഴികക്കല്ല് പിന്നിട്ടതിൽ അതിയായ സന്തോഷമുണ്ടെന്ന് മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാൻ ജോർജ്ജ് ജേക്കബ് മുത്തൂറ്റ് പറഞ്ഞു. ആദ്യ പകുതിയിൽ നികുതിക്ക് ശേഷമുള്ള സംയോജിത അറ്റാദായം ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിരക്കായ 2517 കോടി രൂപയിലെത്തി.

ഈ നേട്ടം തങ്ങളുടെ ജീവനക്കാരുടെപരിശ്രമത്തിൻറെയും മൂല്യമുള്ള ഉപഭോക്താക്കളുടെ അർപ്പണബോധത്തിൻറെയും പ്രതിഫലനമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.



# ബീച്ച് ക്ലീൻ അപ്പ് ഡ്രൈവ് സംഘടിപ്പിച്ച് ഒ ബൈ താമര

**തിരുവനന്തപുരം:** തിരുവനന്തപുരം സെന്റ് ആൻഡ്ര്യൂസ് ബീച്ചിൽ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ഒ ബൈ താമര തിരുവനന്തപുരം. പരിസ്ഥിതി സംരക്ഷണത്തിനും സുസ്ഥിരവികസനത്തിനും പ്രാധാന്യം നൽകുന്ന ഉത്തരവാദിത്വമുള്ള ഹോട്ടൽ ശൃംഖലയെന്നനിലയിൽ ഒ ബൈ താമര നടത്തുന്ന സാമൂഹിക പ്രവർത്തനങ്ങളുടെ തുടർച്ചയായി സംഘടിപ്പിച്ച ഈ ക്ലീൻ അപ്പ് ഡ്രൈവിൽ സ്കൂൾ ഓഫ് ഗുഡ് ഷെപ്പേർഡ്, വി ഗ്ര്യൂ ഫോറസ്റ്റ് എന്നിവരും ഒപ്പം ചേർന്നു.സ്കൂൾ ഓഫ് ഗുഡ് ഷെപ്പേർഡിലെ 200 ഓളം വിദ്യാർത്ഥികൾക്കൊപ്പം അദ്ധ്യാപകരും ഒ ബൈ താമരയിലേയും വി ഗ്ര്യൂ ഫോറസ്റ്റിലെ സന്നദ്ധ പ്രവർത്തകരും ബീച്ച് ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. പ്രകൃതി വിഭവങ്ങൾ പരിരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഉയർത്തിക്കൊണ്ടാണ് ബീച്ച് ശുചീകരണ പ്രവർത്തനം സംഘടിപ്പിച്ചത്.

സമൂഹത്തിനോടും പരിസ്ഥിതിയോടും ഉത്തരവാദിത്വമുള്ള സ്ഥാപനമായി തുടരുവാനുള്ള ഒ ബൈ താമര ഗ്രൂപ്പിന്റെ പ്രതിബദ്ധതയാണ് ഈ ബീച്ച് ശുചീകരണത്തിൽ പ്രതിഫലിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കൊപ്പവും മറ്റ് പ്രാദേശിക സാമൂഹിക കൂട്ടായ്മകൾക്കൊപ്പവും സംയോജിച്ച് പ്രവർത്തിക്കുന്നതിലൂടെ പരിസ്ഥിതി വിഷയങ്ങൾ അഭിസംബോധന ചെയ്യുന്നതിനൊപ്പം യുവ ജനങ്ങളെ പരിസ്ഥിതി സൗഹൃദ പ്രവർത്തനളിലേക്ക് ആകർഷിക്കുവാനും അവർക്ക് പ്രചോദനം നൽകുവാനും സാധിക്കുന്നു ഒ ബൈ താമര തിരുവനന്തപുരം ജനറൽ മാനേജർ ഷിനോജ് ജോസഫ് പറഞ്ഞു.

# മെർക്കുറി ട്രേഡ് ലിങ്ക്സ് 48.95 കോടി രൂപ സമാഹരിക്കുന്നു

**കൊച്ചി:** അഹമദാബാദ് ആസ്ഥാനമായ മെർക്കുറി ട്രേഡ് ലിങ്കിസ് ലിമിറ്റഡ് അവകാശ ഓഹരി വിൽപ്പനയിലൂടെ 48.95 കോടി രൂപ സമാഹരിക്കുന്നു. നവംബർ ഏഴിനു തുടങ്ങിയ വിൽപ്പന ഡിസംബർ അഞ്ച് വരെ തുടരും. ഒരു ഓഹരി വില 44.95 രൂപയാണ്. ഈ വർഷം ഇതു രണ്ടാം തവണയാണ് കമ്പനി അവകാശ ഓഹരി വിൽപ്പന നടത്തുന്നത്. മൊത്തം 1.08 കോടി ഇകിറ്റി ഓഹരികളാണ് വിറ്റഴിക്കുന്നത്. 10 രൂപയാണ് ഓഹരിയുടെ മുഖവില. ഒരു ഓഹരി കൈവശമുള്ളവർക്ക് നാല് അവകാശ ഓഹരികൾ ലഭിക്കും. സമാഹരിക്കുന്ന തുക കമ്പനിയുടെ മൂലധനാവശ്യങ്ങൾക്കാണ് പ്രധാനമായും വിനിയോഗിക്കുക.

